

# UNLOCK

## വിദ്യാസംഗ്രഹം

സി.എം..എസ്. കോളജ് കോട്ടയം

2020-21

THY WORD IS TRUTH
KOTTAYAM CMS COLLEGE
ESTD:1817

# അകം


**യുവജനമേ, നിന്റെ ശത്രു ആര്?** 03
ശില്പാ സോമൻ,
രണ്ടാം വർഷം മലയാള സാഹിത്യം



05 **മല ഇടിഞ്ഞപ്പോൾ**
മോൻസി കെ.എം.
രണ്ടാം വർഷം ധനതത്ത്വശാസ്ത്രം

**പുസ്തക പ്രസാധനം ഇലക്ട്രോണിക് യുഗത്തിൽ** 06
അഷ് ആർ. വർമ്മ
രണ്ടാം വർഷ മലയാള സാഹിത്യം

09 **ആദ്യത്തെ കൊട്ടിടിൽ**
അരുൺ. പി.
മൂന്നാം വർഷ ഭൗതികശാസ്ത്രം







**ഗുരു ആർഷഭാരത സംസ്കാരത്തിൽ** 13
ശില്പാ സോമൻ,
രണ്ടാം വർഷം മലയാള സാഹിത്യം

17 **തർപ്പണം**
ബിജു മാർക്കോസ്
ഒന്നാം വർഷ ഭൗതികശാസ്ത്രം

**STILL HE LIVES** 18
Manjusha C.M
II DC Economis

19 **മതേതരത്വത്തിന്റെ പുതിയ വഴി**
സിതാര. എം.
രണ്ടാം വർഷ ആംഗലേയ സാഹ

**MUSINGS** 24
Lincy Ann Mathew
D1 Literature

25 **ഇടവേള**
ലിൻസി ആൻ മാത്യു
ഒന്നാം വർഷ ആംഗലേയ സാഹിത്യം

**ഭീകരവാദത്തിന്റെ വഴികളും സമാധാനവും** 26
മോഹൻ സുമേഷ് ശർമ്മ
രാാം വർഷ ജന്തുശാസ്ത്രം

29 **തലക്കെട്ട് നിങ്ങൾക്കൊരു...**
അരുൺ. പി.
മൂന്നാം വർഷ ഭൗതികശാസ്ത്രം

















**ഇനി ജയിക്കാനായി ജനിച്ചവർക്ക് മാത്രം** 33
രതീഷ്. ജി
ഒന്നാം വർഷ ഗണിതശാസ്ത്ര
ബിരുദാനന്തര ബിരുദം

35 **സ്നേഹസ്പന്ദനം**
ശ്രീജമോൾ. എസ്.
മൂന്നാം വർഷ ആംഗലേയ സാഹിത്യം

**I PROMISE** 36
Cheriyan Cheriyan
II MSc Mathematisc

37 **ഒരു വിപ്ലവകാരിയുടെ കഥ**
എബി ജെയിംസ്
ഒന്നാം വർഷ ഗണിതശാത്രം

VIDYASAMGRAHAM
CMS COLLEGE KOTTAYAM (AUTONOMOUS)
2020-2021

Place of Publication
CMS College Kottayam (Autonomous)

Periodicity of Publication
Annual

Publisher's Name
Dr. Varghese C Joshua
(Principal
CMS College Kottayam (Autonomous)

Editor of Magazine
Nikhila

Staff Editor
Dr. Jentle Varghese

Editorial Board

Sharath
Amal
Anjaly

Cover, Design
Arun Ramesh



# യുവജനമേ, നിന്റെ ശത്രു ആര്?

ശില്പാ സോമൻ, രണ്ടാം വർഷം മലയാള സാഹിത്യം

നമ്മുടെ ലോകം യുവതലമു റയെ ഭാവിയുഗത്തിന്റെ സൃഷ്ടാക്ക ളായും രാഷ്ട്രത്തിന്റെ സമ്പത്തായും മാറുന്നു. നാം അതിൽ അത്യന്തം അഭി മാനിക്കുകയും ചെയ്യുന്നു. എന്നാൽ നമുക്ക് സമൂഹത്തിന്റെ ഈ ആവശ്യം ശിരസ്സാ വഹിച്ച് കാര്യക്ഷമമായി അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തു വാൻ സാധിക്കുന്നുവോ? അതിന് മാർഗ്ഗ തടസ്സം നില്ക്കുന്നത് ആരാണ്? ഇന്നും ഏതൊരു യുവജനവേദിയിലും നമ്മുടെ രാഷ്ട്രീയ, സാമൂഹിക, സാംസ്ക്കാരിക മേഖലകളുടെ ഉന്നതസ്ഥാനമലങ്കരിക്കു ന്നവർ നമുക്ക് പൂർണ്ണ പിൻതുണ നൽകുകയും, അവരുടെ വാഗ്ദാന ങ്ങളും സഹായഹസ്തങ്ങളും നമ്മുടെ നേ രെ ചൊരിയുകയും ചെയ്യുന്നു. എന്നാൽ ഈ വാഗ്ദാനങ്ങളും മറ്റും എത്രത്തോളം സത്യമാണെന്ന് പഠിപ്പി നുശേഷം പ്രായോഗിക ജീവിതം ഒരു കരയിലെത്തിക്കാൻ പഠിച്ച സർട്ടിഫിക്ക റ്റുകളും തന്റെ കലാപരമായ കഴിവു മായി ശ്രമിക്കുമ്പോൾ നമുക്ക് മനസി ലാക്കാം.

സാമൂഹിക നവോത്ഥാന പ്രസ്ഥാ നത്തിന്റെയും ദേശീയ പ്രസ്ഥാനത്തി ന്റെയും ഫലമായിട്ടുണ്ടായ ഉയർന്നവിദ്യാഭ്യാസ സംസ്ക്കാരികവബോധം കേരളത്തിനുണ്ട്. ഇന്ന് നമ്മുടെ സ്കൂളുക ളിലും കലാലയങ്ങളിലും അവനവന്റെ കഴിവ് പ്രകടിപ്പിക്കുവാനുള്ള ധാരാളം അവ സരങ്ങൾ ഉണ്ട്. എന്നാൽ ഇന്നത്തെക്കാലത്ത് ആ അവസരങ്ങളിൽ തിളങ്ങുന്നത് കഴിവുള്ളവനല്ല പകരം പണവും സ്വാധീനവും ഉള്ളവനാകുന്നു.

- ഇന്ന് ലോകം മുഴുവൻ വ്യാപിച്ചു വളർന്നുകൊണ്ടിരിക്കുന്ന ഒന്നാണല്ലോ ഇൻഫോർമേഷൻ ടെക്നോളജി മേഖല, നമ്മുടെ സർക്കാർ അതിന് വളരെയ ധികം പ്രാധാന്യം നൽകുന്നുമുണ്ട്. ഏതൊരു ജോലിക്കും വെയ്ക്കുന്ന ഒരു മാന ദണ്ഡമാണ് കംപ്യൂട്ടർ പരിജ്ഞാനം എന്നത്. എന്നാൽ നാം ഒരുകാര്യം ഓർക്കേ ണ്ടതാണ്. തന്റെ കുട്ടിയെ ഏതു വിഷമാവസ്ഥയിലും പഠിപ്പിക്കണമെന്ന ആഗ്ര ഹത്തോടെ സാധാരണക്കാരായ നമ്മുടെ മാതാപിതാക്കൾ രാവും പകലും അധ്വാ നിച്ചാൽക്കൂടി ഈ കോഴ്സിനുള്ള പണം നമുക്ക് ലഭിക്കുകയില്ല. കാരണം അത്രയ്ക്ക് ഉയർന്നതാണ്. അവയുടെ ഫീസ്. കണ്ണിണ്ഡിപ്പിക്കുന്ന പ രസ്യങ്ങളും വാഗ്ദാനങ്ങളും കണ്ട് നാം ഈ സ്ഥാപനങ്ങളിൽ പ്രവേശിക്കുകയും അവിടെ പ ണം അടയ്ക്കുകയും ചെയ്തതിനു ശേഷമാകും നാം നമുക്ക് പറ്റിയ തെറ്റ് തിരി ച്ചറിയുന്നത്. കാരണം അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിനു വിലയുണ്ടാ കില്ല അല്ലെങ്കിൽ ആ സ്ഥാപനത്തിലെ അദ്ധ്യാപനം മികച്ചതാകില്ല. സാധാരണ ക്കാർക്ക് പകുതിയോളം ഫീസ് ആനുകൂല്യം ലഭിക്കുമെന്നും ബാങ്കുകളിൽ നിന്ന് ലോൺ തുടങ്ങിയ സഹായങ്ങൾ ലഭിക്കുമെന്നും കരുതി നമ്മുടെ മാതാപിതാ ക്കൾ അവിടെ ചെല്ലുന്നു. എന്നാൽ അതിനെക്കുറിച്ച് വിശ

""ഒരു ബാലികേറാമലയാവുന്നു അവന് ഉന്നത വിദ്യാഭ്യാസം, ജനാധിപത്യഭരണമാണ് നമ്മുടെ രാജ്യത്ത് നിലനില്ക്കുന്നതെന്നും അത് നമുക്ക് വേണ്ടിയുള്ള ഭരണമാമെന്നും നാം ഉത്ഘോഷിക്കുന്നു.

ദമായി അന്വേഷിക്കു മ്പോൾ മാത്രമേ നമുക്ക് അതിന്റെ നൂലാമാലകൾ മനസിലാവൂ. താനോ തന്റെ കുട്ടിയോ ഇതിനർഹരല്ലെന്നും നമ്മുടെ മാതാപിതാക്കൾ അറിയുന്നു. ഇങ്ങനെ = സമൂഹത്തിലെ താഴെത്തട്ടിലുള്ളവന് ഉന്നത വിദ്യാഭ്യാസം നിഷേധ്യമാകുന്നു. അവരിൽ ചിലരെങ്കിലും ഉന്നതവിദ്യാഭ്യാസം നേടിയെങ്കിൽ അതിനു പിന്നിൽഡ ഒരുപാട് തിക്തങ്ങളും വേദന നിറഞ്ഞതുമായ അനുഭവങ്ങൾ ഉണ്ടാവാം. ബാദ്ധ്യത ആവശ്യപ്പെടുന്ന ശാസ്ത്രസാങ്കേതിക രംഗം അങ്ങനെ അവന് അന്യമാകുന്നു.

""ഒരു ബാലികേറാമലയാവുന്നു അവന് ഉന്നത വിദ്യാഭ്യാസം ജനാധിപത്യഭരണമാണ് നമ്മുടെ രാജ്യത്ത് നിലനില്ക്കുന്നതെന്നും അത് നമുക്ക് വേണ്ടിയുള്ള ഭരണമാമെന്നും നാം ഉത്ഘോഷിക്കുന്നു. ആ ഭരണത്തിൽ നിന്നും നമുക്ക് എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ? ഇന്ന് ഭരണം ഓരോ പാർട്ടികളിൽ നിക്ഷിപ്ത മായപ്പോൾ സ്വന്തം കുടുംബത്തേയും പാർട്ടിയേയും രക്ഷിക്കുക എന്ന നയമാണ് എല്ലാ രാഷ്ട്രീയനേതാക്കന്മാരും സ്വീകരിക്കുന്നത്. ഭരണകക്ഷിയോടു കൂറുള്ള ഒരുവനാണ് നാം എങ്കിൽ നമുക്ക് അർഹതയില്ലാത്ത പല സംവരണങ്ങളും നമുക്ക് ലഭിക്കുകയും അധികം കഷ്ടപ്പെടാതെ ലക്ഷ്യസ്ഥാ നത്ത് എത്തുകയും ചെയ്യാം. എന്നാൽ ഒരു രാഷ്ട്രീയകക്ഷിയോടും കൂറില്ലാത്ത ഒരുവന്റെ അവസ്ഥ നമുക്ക് ഊഹിക്കാമല്ലോ? അതുപോലെ തന്നെ - ജാതിവ്യത്യാസം, ഇല്ലാതെ ഏവർക്കും തുല്യപ്രാധാന്യം നൽകുന്നു നമ്മുടെ രാജ്യമെന്ന് നാം പറയുന്നു. എന്നാൽ ഇത് എത്രത്തോളം പ്രായോഗികമാ ണെന്ന് ഏതൊരു സ്ഥാപനത്തി ലേയ്ക്ക് കയറി ചെല്ലുമ്പോഴും അവരുടെ പ്രവേശന ഫോം കാണുമ്പോഴും നാം മനസിലാക്കും. അതിൽ ഒരുകളം പ്രവേശകൻ ജാതിയാണ് പ്രവേശകന്റെ എങ്കിൽ അത് അവനൊരു പ്ലെസപോയിന്റാണ്.

ഇങ്ങനെയൊക്കെ വളരെ കഷ്ടപ്പെട്ട് നാം ഒരു ജോലി സമ്പാദിച്ചു. എങ്കിൽക്കൂടി അവിടെയും നമുക്ക് തിരിച്ചടികളെ ഉണ്ടാവൂ. സാമാന്യം കഴിവുള്ള ഒരുവനാണ് അവൻ എങ്കിൽക്കൂടി എങ്കിൽക്കൂടി അവനെ ആരും അംഗീകരിക്കാൻ തുനിയില്ല. അവനെ പ്രോത്സ ാഹിപ്പിക്കുന്നതിനു പകരം അവന്റെ കഴിവുകളെ പരിഹസിച്ച് ഉന്മൂലനം ചെയ്യുവാനേശ്രമിക്കൂ. കാരണം മത്സരങ്ങളും സ്വതാപര്യവും ഒക്കെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ തന്നെ ക്കാൾ കഴിവുള്ളവനെ അംഗീകരിക്കാൻ തന്നെ ആരും തുനിയില്ല. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് നമ്മുടെ സാഹിത്യ രംഗം. വിമർശനം ആവശ്യമാണെങ്കിൽത്തന്നെ അതിനുള്ള അനുവാദം നമുക്കുണ്ടെങ്കിൽ കൂടിയും അത് എപ്പോൾ, എങ്ങനെ, ആരോട്, പ്രയോഗിക്കണമെന്ന് നമ്മിൽ പലരും മനസിലാക്കുന്നില്ല.

ഇന്നത്തെ കാലത്ത് ധാരാളം സ്വത്തുക്കളോ സ്വാ ധീനമോ ഉള്ളവനു വേണ്ടി ഒരുങ്ങിക്കിടക്കുകയാണ് ഓരോ മേഖലയിലേയും പ്രധാനകസേരകൾ. അല്ലെങ്കിൽ അവിടെ സമ്പന്നും ദരിദ്രനും തമ്മിൽ പണം കൊണ്ട് മത്സരിക്കേണ്ടിവരുകയും, ദരിദ്രൻ പിൻതള്ളപ്പെടുകയും സംവ രണം സമ്പന്നനും കിട്ടുകയും ചെയ്യുന്നു. എങ്കിൽക്കൂടി ചെറുപ്പത്തിന്റെ തിളക്കത്തിലും നാളെയെക്കുറിച്ചുള്ള സുന്ദര സ്വപ്നത്തിന്റെ പ ശ്ചാത്തലത്തിൽ അവൻ ഓരോ സ്ഥലത്തും ജേ ാലിതേടിപോകുകയും അവസാനം സ്വപ്നങ്ങൾ ജീവിതത്തിൽ വികലമാകുന്നു എന്നു മനസിലാക്കുന്നു. ജീവിത പ്രാരാബ്ധങ്ങളുടെ നടു വിൽ എന്തെഹ്കിലും തുച്ഛമായ ഒരു ജോലിയിൽ ഒതുങ്ങിക്കൂടാൻ അവൻ നിർബന്ധിതനാകുന്നു. അവന് ആ ജോലി ശാരീരകമായും മാനസിക മായും തൃപ്തി നൽകുന്നില്ല. വർദ്ധിച്ചു വരുന്ന ജീവിതാവശ്യങ്ങളും മറ്റും കാരണം ജീവിതം മുന്നോട്ടു കൊണ്ടുപോകാനാവാതെ അവൻ ശ്വാസം മുട്ടുകയും അവസാനം മരണത്തിൽ സ്വയം പ്രാപി ക്കുകയും ചെയ്യുന്നു. ഇന്നത്തെ ഭൂരി ഭാഗം യുവജനതയുടേയും അവസ്ഥ ഇതാണ്. ഇതിനൊക്കെ ഉത്തരവാദികൾ ആരാണ്? നാം ജീവിക്കുന്ന സമൂഹമോ? അതോ അവന്റെ വർഗ്ഗം തന്നെയോ? ഇതിന്റെ ഉത്തരം നാം തിരിച്ചറിയു ന്നുവെങ്കിലും അതിനെ എതിർക്കാനും ഉന്മൂലനം ചെയ്യുവാനും നമ്മുക്ക് സാധിക്കുകയില്ല എന്ന സത്യം മനസിലാക്കി ഒതുങ്ങിക്കൂടുന്നു.



# മല ഇടിഞ്ഞപ്പോൾ

**മോൻസി കെ.എം.**
രണ്ടാം വർഷ ധനതത്ത്വശാസ്ത്രം

പാഠം 1

**കൂടിയേറ്റത്തിന്റെ ചരിത്രം**

ഇത് നൂറ്റാണ്ടിന്റെ ചരിത്ര പുസ്തകം
പതിനാറാം നൂറ്റാണ്ടാന്റെ
പഴക്കമുള്ള ചരിത്രം
തീർത്ഥാടക പിതാക്കൾ അന്ന് കേണു, പിന്നെ
പൊരുതി നേടീ സ്വാതന്ത്ര്യം
ഇത് യൂണിയൻ ജാക്കിന്റെ പതനത്തിന്റെ കഥ
ദേശീയതയുടെ വിജയത്തിന്റെയും

പാഠം 2

**കാലചക്രം തിരിയുമ്പോൾ**

യുദ്ധം, ഏകീകരണം കരോളിനിയിലെ
തെരുവുകളിൽ അടിമകളുടെ ആനന്ദനൃത്തം
അകലെ മോസ്കോ തെരുവിന്റെ കോണിൽ .
മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്
ഒരു കുട്ടിയുടെ ആത്മഗതം
ഏകീകരണം, പിന്നെ
ഞാൻ, ഞാൻ മാത്രം

പാഠം 3

**മൂന്നേറ്റം**

ഇത് യാങ്കി മുന്നേറ്റത്തിന്റെ കഥ,
1902 ഇനിയുദ്ധം ഒന്നും രണ്ടും എനിക്ക് ജയിക്കണം
ലോകം എന്റെ കാൽക്കീഴിൽ അമരണം
പേൾ ഹാർബറിലെ മുറിപ്പാടുകൾക്ക്
ലിറ്റിൽ ബോയിയുടെ സാന്ത്വനം
ഹിരോഷിമയും നാഗസാക്കിയും
ലോകം പഠിക്കുന്ന പുതിയ പാഠങ്ങൾ
ഞാൻ ജയിക്കുന്നു,
ലോകം എന്നെ വാഴ്ത്തുന്നു
ഗസ്തനത്തിലും പെരിസ്ട്രോയിക്കയിലും
അലിഞ്ഞു തീരുന്ന ശീതസമരം
ഇനി ഞാൻ, ഞാൻ മാത്രം.

പാഠം 4

**സൈബർ യുഗം**

ഇത് സൈബർ യുഗം
മൂന്നാംലോകത്തിന്റെ കുനിഞ്ഞ ശിരസിൽ
ഞാൻ ഒരു ഗ്ലോബൽ വില്ലേജ് പണിയുമ്പോൾ
ലോകം എന്റെ വെബ്സൈറ്റിൽ പുതിയ
അറിവ് തിരയുന്നു
എന്റെ ചഷകത്തിൽ മദ്യം നിറയുന്നു
പിന്നെ ഒഴിയുന്നു.
സെപ്റ്റംബർ പതിനൊന്ന്
ലോകത്തോട് പറഞ്ഞു
ഞാൻ മരിച്ചെന്ന് മലയിടിയുന്നു
ആകാശത്ത് കഴുകന്റെ മുഴക്കം
ന്യൂയോർക്കിലും വാഷിംഗ്ടണിലും
മരണത്തിന്റെ കിരാത നൃത്തം
ആകാശ മിഴികൾ എന്തേ അത് എന്നോട് പറഞ്ഞില്ല
എന്റെ ഹിമാലയത്തെ ആര് കൊന്നു?
പുസ്തകത്താളുകളിൽ അത് ഇപ്പോഴും തെളിയുന്ന
മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്
ഈ ഞാൻ എന്ന ഭാവവും വെള്ളരി പ്രാവേ
നിനക്ക് സ്വസ്തി, സ്വസ്തി



# പുസ്തക പ്രസാധനം ഇലക്ട്രോണിക് യുഗത്തിൽ

**അഷ് ആർ. വർമ്മ**
രണ്ടാം വർഷ മലയാള സാഹിത്യം

പുസ്തക പ്രസാധന വിതരണ രംഗത്ത് ഇലക്ട്രോണിക്സ് മാധ്യമത്തിൽ സ്വാധീനം വളരെ വലുതാണ്. മനുഷ്യ മനസ്സിൽ യന്ത്രങ്ങളുടെ സർവ്വാധിപത്യത്തെക്കുറിച്ചുള്ള ഭീതി വർഷങ്ങളായി വളർന്നു വരികയാണ്. ഇരുപതുകളുടെ അവസാനത്തിൽ ഈ ഭീതിയും ഭ്രമകല്പനയും ആളിക്കത്തി, പ്രസാധനരംഗം മറ്റൊരു വിപ്ലവത്തിനു നാന്ദികുറിച്ചിരിക്കുക. യാണ്. ഇൻഫർമേഷൻ ടെക്നോളജി വിപ്ലവം,

പതിനെട്ടാം നൂറ്റാണ്ടിലെ വ്യവസായിക വിപ്ലവം പോലെ ഈ വിപ്ലവവും ജീവിതത്തിന് അത്ഭുതകരമായ ഗതിവേഗം നൽകുന്നുണ്ട്. അത് സാമൂഹികവും വൈയക്തികവുമായ മാറ്റത്തിന് സാക്ഷ്യം വഹിക്കുമെന്നതിന് സംശയമില്ല. ഇന്നോളം മനുഷ്യൻ കണ്ടെത്തിയി ട്ടുള്ള ആശയങ്ങളേയും, കലായയും, സാഹിത്യത്തേയും എല്ലാം ഇത് ബാധിക്കും. അവ നല്ലാം ഇത് പുതിയ ചിറകുകളും, ഭാവുകത്വവും നൽകും. അങ്ങനെ ഒരു വിശ്വാ ഷയും സാർവ്വലൗകിക കമ്പ്യൂട്ടർ ലിപിയും അംഗീകരിക്കപ്പെടാനുള്ള സാധ്യതയും ഉണ്ട്. കമ്പ്യൂട്ടറും, കമ്പ്യൂട്ടറിംഗും, സി.ഡി. റോമിന്റെ ഇന്ററാക്ടീവ് ശേഷിയും ചേർന്നുള്ള ഭാവി സാധ്യതകൾ ഇന്നേവരെ നാം നടത്തിവന്ന പുസ്തക നിർമ്മിതി, പ്രസാധനം, അച്ച ടി. വിതരണം തുടങ്ങി പ്രസിദ്ധികരണ മണ്ഡലത്തിലെ എല്ലാ പ്രവർത്തനങ്ങളേയും മാറ്റിമറിയ്ക്കും. അച്ചടിച്ചു കഴിഞ്ഞാൽ നമ്മുടെ നാട്ടിൽ പുസ്തകങ്ങൾ ഇന്നും ഒരു വ്യാവസായികോല്പന്നമാണ്. എഴുത്തുകാരന്റെയും, പ്രസാധകന്റെയും ഒത്തു ചേർന്നുള്ള ശ്രമത്തിൽ

നിന്നുമാണ് പുസ്തകത്തിന്റെ പിറവി. രചന, എഡിറ്റിംഗ്, അച്ചടി, ബൈന്റിംഗ്, വില്പനഎന്നിങ്ങനെ പല ഘട്ടങ്ങളായി പുസ്തക വ്യവസായം മുന്നോട്ടു പോകുന്നു. ആദ്യത്തെ പുസ്തകം മനുഷ്യന്റെ തലച്ചോറ് തന്നെയായിരിക്കണം. മനുഷ്യന്റെ തലച്ചോറിൽ ജീവിതം കൊത്തിവച്ച അനുഭവങ്ങൾ വാമൊഴിയായി തലമുറകളിലൂടെ പകർന്നിരിക്കണം. കാലാന്തരത്തിൽ ഇവ എങ്ങിനെയെങ്കിലും രേഖപ്പെടുത്തണമെന്ന് വന്നപ്പോൾ ലോഹപ്പാളികളിൽ, തടികളിൽ, പനയോലകളിൽ, മൺകട്ടകളിൽ പലതരം ലിപികളിൽ ങ്ങൾ, വംശാവലികൾ, മതാചാരങ്ങൾ, പ്രപഞ്ച നിരീക്ഷണങ്ങൾ തുടങ്ങിയവയായിരുന്നു ആദ്യകാല സൃഷ്ടികൾ.

നൈൽ നദിയുടെ തീരങ്ങളിലും മറ്റും വളരുന്ന പാപ്പറസ്“ എന്ന ചെടി യുടെ പേരിൽ നിന്നുമാണ് “പേപ്പർ“ എന്ന പദമുണ്ടായത്. പഴന്തുണിയും, വൈക്കോലും അരച്ച് പേപ്പറുണ്ടാക്കി യിരുന്ന ചൈനക്കാരിൽ നിന്നും അറ ബികൾ വഴിയാണ് കടലാസ് നിർമ്മാണ വിദ്യ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് വ്യാപിച്ചത്. അങ്ങനെ യൂറോപ്യൻ രാജ്യങ്ങളിലൂടെ ഭാരത ത്തിലും അച്ചടി

എത്തിച്ചേർന്നു.

ഏതാണ്ട് 220 വർഷം മുമ്പാണ് മലയാള പുസ്തകം ആദ്യമായി അച്ചടിച്ചത്. കേരളത്തിൽ വച്ച് ആദ്യപുസ്തകം അച്ചടിച്ച് 170 വർഷങ്ങളേ ആയിട്ടുള്ളൂ. ഇക്കാലത്തിനിടെ പ്രസിദ്ധീകൃതമായ പുസ്തകങ്ങളിൽ കൂടുതലും നോവൽ, കവിത, നാടക-പുസ്തകങ്ങളാണെന്ന് കാണുന്നു.

പുസ്തക വ്യവസായം ഇന്ന് നേരിടുന്ന പ്ര തിസന്ധി കടലാസിന്റെ വില ക്കയറ്റവും, അച്ചടിയുടെ ഭാരിച്ച ചില വും, ഉപഭോക്താക്കളുടെ കുറഞ്ഞുവ രുന്ന താൽപര്യവുമാണ്. ഇലക്ട്രോ ണിക് ഗ്രന്ഥങ്ങൾ ഇതിനൊരു പരിഹാ രമാകുന്നതിൽ സംശയമില്ല. ഇവയ്ക്ക് കടലാസോ, അച്ചടിയോ ആവശ്യമില്ല. പ്ര സാധനവും വിതരണവും മുപ്പത്തി നായിരത്തോളം വില വരുന്ന ഒരു കമ്പ്യൂട്ടർ കൈവശം ഉണ്ടെങ്കിൽ പ തി നായിരക്കണക്കിന് രൂപ വിലമതിക്കുന്ന പുസ്ത കങ്ങൾ നമുക്കുപയോഗപ്പെടുത്താം. പപ്പടത്തിന്റെ വലിപ്പമുള്ള ലോഹത്തകിടിന്റെ രൂപത്തിൽ ലഭിക്കുന്ന "ഇലക്ട്രോണിക്സ് ബുക് സ് ആണ് അവ. അവയ്ക്ക് മറ്റ് സാധാരണ പുസ്തകങ്ങളേക്കാൾ ആയുസ്സ് കൂടുതലാ യിരിക്കും. ഉത്പാദിപ്പി ക്കാനും, ഉപയോഗിക്കു വാനും ആദായകരവും, സൗകര്യപ്രദവുമാണ്. സൂക്ഷിക്കുവാനും, സംര ക്ഷിക്കുവാനും വളരെ എള ുപ്പമ ാണ ്. ല ക്ഷ ക ണക്കിന് രൂപ



വിലമതിക്കുന്ന പുസ്തകങ്ങൾ ഇലക്ട്രോണിക് പുസ്തകങ്ങൾ ഉത്പാദന ചിലവ് പകുതിയായും സംരക്ഷിക്കാനുള്ള സ്ഥലം എട്ടിലൊന്നായി കുറയ് ക്കുവാനും സാധിക്കും.

ഇലക്ട്രോണിക് പുസ്തകത്തിന്റെ "ഇന്ററാക്ടിവ് സവുകര്യം" നാം വായിക്കുന്ന ഒരു പുസ്തകത്തിൽ ഒരു കാര്യം എത്ര സ്ഥലത്ത് പരാമർശിച്ചിട്ടുണ്ടോ അതെല്ലാം തന്നെ പെട്ടെന്ന് നമുക്ക് വായിക്കുവാൻ സാദ്ധ്യമാക്കിത്തരും. നാടകം വായിച്ചു കൊണ്ടിരി ക്കുമ്പോൾ അത് അഭിനയിച്ചു കാണുവാനും സാധി ക്കുന്നു. അനേകം വാല്യങ്ങളുള്ള നിഘണ്ടുക്കളോ. വിജ്ഞാനകോശങ്ങളോ ഒരു സി.ഡി.യിൽ (compac dik) ഒതു ക്കാം.

പ്രസാധന രംഗത്താകട്ടെ ഡി.റ്റി.പി (D.T.P) യുടെ ആവിഷ്ക്കാരം പഴയ ടൈപ്പ്കമ്പോസിംഗിനെ കീഴടക്കിയിരി ക്കുകയാണ്. ടൈപ്പ് വാങ്ങുന്നതിനും പിന്നീടുള്ള റീകാസ്റ്റിംഗിനും മറ്റും വരുന്ന ചിലവ് നോക്കുമ്പോൾ ഈ പുതിയ സംവിധാനം വളരെ ലാഭകര മാണ്. എന്തെങ്കിലും തെറ്റുകൾ വന്നാൽ ഡി.റ്റി.പിയിൽ ആകുമ്പോൾ

അവസാന ഘട്ടത്തിൽപോലും തിരുത്തു വാൻ കഴിയും. അതുപോലെ ഗ്രന്ഥകാ രന്മാരാകട്ടെ, തങ്ങള ുടെ രചനകൾ ടൈപ്പ് സെറ്റ് ചെയ്ത് "ഡിസ്ക്കി "ലാക്കിയാണ് പ്രസാധകർക്കെത്തിക്കു ന്നത്. ഇതവർക്ക് റഫറൻസ് ഗ്രന്ഥങ്ങ ളാണ് കൂടുതലായും ഇലക്ട്രോണിക് പുസ്തകരൂപത്തിലിറങ്ങുന്നത്.

എന്നാൽ ഇലക്ട്രോണിക് പുസ്ത കങ്ങൾക്ക് വളരെയേറെ ഗുണങ്ങളുള്ള തുപോലെ തന്നെ ചില



ദോഷങ്ങളു മുണ്ട്. മലയാള ഭാഷയിൽ ലിപികളുടെ എണ്ണം കൂടുതലാണെന്നുള്ളത് തന്നെ - യാണ് പ്രധാന പ്രശ്നം. ഡി.റ്റി.പിയിലും മറ്റും പേജുകൾ രൂപപ്പെടുത്തുമ്പോൾ വരികൾ മാറി വരുന്ന സ്ഥാനത്ത് കൂട്ട ക്ഷരങ്ങൾ മുറിഞ്ഞു പോകുന്നു എന്ന താണ് ഒരു ന്യൂനത. അതുപോലെ ത ന്നെ, ചില്ലക്ഷരങ്ങളുടേയും, ചിഹ്നങ്ങ ളുടേയും പ്രയോഗങ്ങൾക്ക് കോട്ടം സംഭവിക്കുന്നു. തന്മൂലം വായ ന ക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. എങ്കിലും ഇലക്ട്രോണിക് പുസ്തകങ്ങളുടെ പ്രയോജനങ്ങൾ വച്ച് നോക്കു ഈ ന്യൂനതകളൊക്കെ വിസ്മ രിക്കാവുന്നതേയുള്ളൂ.

ഇലക്ട്രോണിക് പുസ്തകവിപ്ലവം മാമൂൽ പുസ്തക പ്രസാധനത്തെ അട്ടി മറിക്കുമെന്നും മാമൂൽ പുസ്തകങ്ങൾ ഇലക്ട്രോണിക് പുസ്തകങ്ങൾക്ക് വഴി മാറിക്കൊടുക്കുമെന്നുമുള്ള ശങ്കയ്ക്ക് അടിസ്ഥാനമില്ല. കാരണം, രണ്ടിനം പുസ്തകങ്ങളും വ്യത്യസ്ത ധർമ്മങ്ങ ളാണ് നിറവേറ്റുന്നത്. ഇലക്ട്രോണിക് പുസ്തകങ്ങൾ വായിക്കുന്നതിന് പ്രത്യേക സാഹചര്യം ആവശ്യമെങ്കിൽ മാമൂൽ പുസ്തകങ്ങളാകട്ടെ ഏത് സാഹചര്യത്തിലും എത്ര നേരം വേണ മെങ്കിലും വായിച്ചുകൊണ്ടിരിക്കാം. അപ്പോൾ വിശിഷ്ട വിജ്ഞാന ഗ്രന്ഥ ങ്ങളുടെ പ്രസക്തി നഷ്ടപ്പെടുന്നില്ല. പുസ്തകങ്ങളോടൊപ്പം അതിലെ തെര ഞ്ഞെടുത്ത ഭാഗങ്ങൾ സി.ഡി.റോമിൽ ഇന്ററാക്ടീവ് രീതിയിൽ പഠിക്കുന്നതുവഴി അവ നമ്മുടെ ബോധത്തിൽ കലരുന്നു, ജീവിതത്തിൽ പ്രയോജനപ്പെടുന്നു. അങ്ങനെ ഇലക്ട്രോണിക് പുസ്തകം പാരമ്പര്യ ഗ്രന്ഥത്തെ നവീകരിക്കുന്നതോടൊപ്പം വിജ്ഞാനത്തിന് നൂതന ചൈതന്യം നൽകുകയും ചെയ്യുന്നു.



# ആദ്യത്തെ കോട്ടിടിൽ

**അരുൺ. പി.**
മൂന്നാം വർഷ ഭൗതികശാസ്ത്രം

കാട്ടാളന്മാരുടെ കൂട്ടത്തിൽ കാമദേവൻ കാപ്പിരിയാണ്. അതുപോലെതന്നെയാണ് പാന്റ്സിന്റെ വർഗ്ഗത്തിൽ ജീൻസിനുള്ള സ്ഥാനവും. ആരൊക്കെ എന്തൊക്കെ പറ ഞ്ഞാലും ജീൻസിനും ലുങ്കിക്കുമുള്ള ഗുണമൊന്നു വേറെത ന്നെയാണ്. എത്രകാലം വേണമെങ്കിലും അലക്കാതെയും കഴുകാതെയും കൊണ്ടുനടക്കാം. അലക്കിയോ ഇല്ലയോ എന്ന് ആരും ശ്രദ്ധിക്കുകയില്ല. ശ്രദ്ധിച്ചാലും അറിയാൻ പോകുന്നി ല്ല. എലിയെ കൊല്ലാൻ വേണ്ടി വെള്ളത്തിൽ മുക്കിപ്പിടിക്കു ന്നതുപോലെ എത്രനേരം വെള്ളത്തിൽ ഇട്ടാലും, ചേമ്പില യിലെപ്പോലെ ജീൻസിന്റെ തുണിയിൽ വെള്ളം പിടിക്കില്ലെന്നറിയാം. ഇതിന് സാധാരണ പാന്റ്സിനേക്കാൾ വില കൂടുതലാണെങ്കിലും അലക്കുകൂലി കണക്കുക്കൂട്ടിയാൽ ഇതാണ് ലാഭം. പിന്നെ പരോപകരാർത്ഥം, വല്ലപ്പോഴും അതിൽ അൽപം കീടനാശിനി തളിക്കുന്നതു നല്ലതാണ്. ആസ്ബറ്റോസ് ഷീറ്റിന്റെ കനമുള്ള തുണിയായതുകൊണ്ട് പെട്ടെന്ന് കീറുമെന്ന് പേടിക്കേണ്ട. ഇസ്തിരി ഇടുകയും വേണ്ട. ഇതൊക്കെ അറിയാവുന്നതുകൊണ്ടാണ് അമേരിക്കൻ - യാത്രയ്ക്ക് ഒരു ജീൻസ് വാങ്ങിയത്. ഒപ്പം പോലീസ് വാനിന്റെ നിറവും, സിംഹം, പുലി, കരടി, കാട്ടുപോത്ത് വന്യമൃഗങ്ങളുടെ പടമുള്ള ഒരു ലുങ്കിയും. പ്രജാതകം

ജീൻസിട്ട് പരിചയമില്ലാത്തതുകൊണ്ട് വിമാനത്തിലിരുന്നപ്പോൾ, രണ്ടുകാലും ഒടിഞ്ഞവന് പ്ലാസ്റ്ററിട്ടാലുള്ള മാതിരി അസ്വാസ്ഥ്യം തോന്നി. വിമാനത്തിൽ ടിക്കറ്റ് ചാർജ്ജ് മുതലാക്കാനെന്നോണം കാലുകൾ കവരം പോലെ വിസ്തരിച്ചു വച്ചാണ് ഇരുന്നത്. ഇത്തര തത് നോക്

അങ്ങനെ ഇരുന്നപ്പോൾ ഉടലിന്റെ മദ്യഭാഗത്ത് രണ്ടുവശം മുളച്ച് ഇറങ്ങിയതുപോലെ തോന്നി. ഷർട്ടിന്റെ കൈ തെറുത്തു വയ്ക്കുന്ന മാതിരി, ജീൻസ് കാലിന്റെ മുട്ടറ്റം ചുരുട്ടി കേറ്റിയാൽ എനിക്ക് വട്ടാണെന്നേ വിമാനത്തിലെ സഹയാത്രികർ കരുതുകയാൽ
ഒന്നനങ്ങിയാൽ അരകെട്ടിന് ആരോ ഇറുക്കിപ്പിടിക്കുന്ന പോലൊരു വല്ലായ്മ. എണീറ്റ് അല്പം നടക്കാമെന്ന് വിചാരിച്ചാൽ ഈ പാശ്ചാത്യൻ, ഉടലിന്റെ പിടിവിട്ട് ഊർന്ന് പോയാലോ എന്ന പേടിയാണ് ജീൻസ് കണ്ടുപിടിച്ച ആദ്രോഹി ഇന്നു ജീവിച്ചിരിപ്പുണ്ടോ? നിറം

മുണ്ടുടുത്ത് പരിചയിച്ചതുകൊണ്ട് ഇത് ധരിച്ചപ്പോൾ മുതൽ കാലിനു പുകച്ചിലും ചലിക്കുമ്പോൾ അരയ്ക്ക് കീഴേ അങ്ങിങ്ങ് സാന്റ് പേപ്പർ ഇട്ടുരയ്ക്കുന്നതുപോലെയുള്ള അസുഖം തുടങ്ങിയതാണ്. അത് വലിച്ചൂരി എറിയണമെന്ന് വിചാരിച്ചാലും പരസഹായം വേണ്ടിവരും. എന്റെ കാലിൽ അതു

വലിച്ചു കയറ്റി ഒരുതരത്തിൽ ഒപ്പിച്ചതിന്റെ ബദ്ധപ്പാട് എനിക്കേ അറിയൂ. കത മഥൻ ക

ആദ്യമായി ജീൻസിട്ട എന്റെ സ്ഥിതി ഇതാണെങ്കിൽ, ദിവ സവും ജീൻസ് ധരിക്കുന്നവരുടെ അവസ്ഥ എന്തായിരിക്കും. പഴക്കം കൊണ്ട് ഇരുളും ചിലപ്പോൾ വെളിച്ചമായി തോന്നാ മെന്ന് കുമാരനാശാൻ പറഞ്ഞതുപോലെ, ഇത് കുറച്ച് നാൾ ഉപയോഗിച്ചു കഴിയുമ്പോൾ മുണ്ടുടുക്കലിന്റെ ലാഘവം തോന്നുമായിരിക്കും. 2 മായി

അമേരിക്കയിൽ ആണുങ്ങളും പെണ്ണുങ്ങളും പാന്റസും ബനിയനുമാണ് ഉപയോഗിക്കുക. മുണ്ടുടുത്താൽ ആണു ങ്ങൾക്കോ പെണ്ണുങ്ങൾക്കോ കൂടുതൽ കാലെന്ന് എണ്ണിനോ ക്കാൻ വയ്യാതെ വന്നെങ്കിലോ എന്നു കരുതിയാവുമോ, ഉള്ള കാലുകൾ വെവ്വേറെ ഉറകളിൽ കഴിയട്ടെ എന്ന മട്ടിൽ ഇതു കണ്ടുപിടിച്ചത്? അമേരിക്കൻ 09 യാത്രയ്ക്ക് ജീൻസാണ് നല്ല തെന്ന് ഉപദേശിച്ച വറുഗീസ് എന്നെ ചതിക്കുകയായി രുന്നോ എന്തോ?



ന്യൂയോർക്കിൽ വറു ഗീസിന്റെ വീട്ടിൽ ഒരാഴ്ച താമസിച്ചപ്പോൾ ജീൻസും മെയ്യുമായി അല്പം അടുപ്പ ത്തിലായി.

എന്റെ ജീൻസിന്റെ മുകളിൽ രണ്ടു വശത്തായി, വീടിന്റെ ഭിത്തിയിൽ മുൻസിപ്പാലിറ്റിക്കാർ വാർഡു നമ്പരും കെട്ടിടനമ്പരും എഴുതിയ ചെറിയ തകരക്കഷണം തറച്ചിരിക്കുന്നതുപോലെ, ഇംഗ്ലീഷ് അക്ഷരങ്ങൾ അങ്കനം ചെയ്ത രണ്ട് തുകൽക്കഷ്ണങ്ങൾ തുന്നിപ്പിടിച്ചിട്ടുണ്ട്. അതിന്റെ ഉപയോഗം മാത്രം ഇന്നും പിടികിട്ടിയിട്ടില്ല. അതുപ യോഗിച്ച് ചെത്തി നടക്കുന്നവരുടെ തൊലി ? ക്കട്ടിയെ രണ്ടു തരത്തിൽ സൂചിപ്പിക്കു കയാണോ ആ തുകൽ കക്ഷണത്തിന്റെ ഉദ്ദേശമെന്ന് ആരോടു ചോദിക്കാൻ

" താമസിക്കുന്ന വീട്ടിൽ വച്ച് ഒരു എണ്ണക്കുപ്പി പൊട്ടി കുറേ എണ്ണ ജീൻസിൽ വീണ് വികൃതമായി. ഇനി കഴുകാതെ അത് ഉപയോഗിക്കാൻ പറ്റില്ല. വറുഗീസ് ഓഫീസിൽ പോയ തക്കം നോക്കി ഞാൻ അവിടുത്തെ അലക്കു മെഷ്യനിൽ ജീൻസ് ഒടിച്ചു മടക്കി കൊള്ളിച്ച് സോപ്പുപൊടി വിതറി സ്വിച്ച് ഓൺ ചെയ്തു. വറുഗീസ് കാണിക്കുന്നതു കണ്ടാണ് ഞാൻ അങ്ങനെ " ചെയ്തത്.

അല്പസമയം കഴിഞ്ഞപ്പോൾ, ചക്കികിലിട്ട് ആട്ടിയ കരിമ്പിന്റെ പിശിടുമാതിരി എന്റെ ജീൻസ് രൂപപ രിണാമം പ്രാപിച്ച് ഇറങ്ങി വന്നു. ഇനി എന്തുചെയ്യും. മിഷ്യന്റെ തകരാറാണോ, എന്റെ തലയുടെ തക കി രാറാണോ എന്നാർക്കറിയാം.

അന്നു രാത്രി ന്യൂയോർക്കിലെ കേരളാസെന്ററിൽ നടക്കുന്ന കലോ ത്സവം കാണാൻ പോകേണ്ടതാണ്. ജീൻസു തന്നെ പോരാതിരിക്കുകെ ലുങ്കിയുമുടുത്ത് ഉദ്ഘാടനത്തിനു പോകാനൊക്കുമോ?

**"ഒന്നനങ്ങിയാൽ അരകെട്ടിന് ആരോ ഇറുക്കിപ്പിടിക്കുന്ന പോലൊരു വല്ലായ്മ. എണീറ്റ് അല്പം നടക്കാമെന്ന് വിചാരിച്ചാൽ ഈ പാശ്ചാത്യൻ, ഉടലിന്റെ പിടിവിട്ട് ഊർന്ന് പോയാലോ എന്ന പേടിയാണ് "**

ഉദ്ഘാടനത്തിന് പോകാൻ നേരം ഞാൻ ജീൻസിലോട്ട് സഹതാപത്തോടെ നോക്കുന്ന കണ്ട് വറുഗീസ് വന്നു ഒരു പാന്റ്സു തന്നു. പഴയ മോഡലാണ്. ഒരു കറുത്ത കോട്ടും തന്നു. വിശേഷ സന്ദർഭങ്ങളിൽ എല്ലാ മലയാളികളും കോട്ടു ധരിക്കും. ചുമ്മാതെ ഉട ?? ലിൽ കിടന്നാൽ മതി. ചൂടുള്ള അവസ രമായതു കൊണ്ട് ബട്ടൺ പോലും കുത്താതെ ചിറകുപോലെ ഇട്ടതേയു ള്ളൂ. കോട്ടും ഞാൻ ആദ്യമായിട്ടാണ് ഇടുന്നത്.

കലോത്സവത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് തൊട്ടടുത്തുള്ള ടൊയ്ലറ്റ് റൂമിലേക്ക് ഞാൻ പോയി. മൂത്ര വിനസ്സർജ്ജനം കഴിഞ്ഞ് നിവരാൻ നോക്കിയിട്ട് നടുവ് നിവരുന്നില്ല. വായു ഭിന്നിച്ച താകുമോ? കൊളുത്തിട്ടപോലെ ഉടൻ കുച്ചിപ്പിടിക്കുന്ന അനുഭവം. ഞാൻ 3 കാവാടിപോലെ വളഞ്ഞ്കുത്തിനിന്ന് ""അയ്യോ"" എന്നു കൂവി ഈശ്വരാ ഇനി എന്റെ ഉടൽ നിവരാതെ വരുമോ? വല്ല എല്ലും ഒടിഞ്ഞു പോയോ? അതോ കോച്ചുവാതമോ?""

ആകെ വെപ്രാളമായി. തേകിയ കിണറ്റിൽ നിന്ന് ഉറവ എന്നപോലെ വിയർക്കുന്നുണ്ട്

""അയ്യോ ഓടി വായോ

ഞാൻ ഉറക്കെ കരഞ്ഞു. അവിടെ കിടന്ന് മരിച്ച് പോകുമോ എന്ന വെപ്രാളമായി. വെള്ളത്തിൽ മുങ്ങിച്ചത്താലും വേണ്ടില്ല, മൂത്രപുരയിൽ കിടന്നു ചാകേണ്ടിവരുന്നത് ബന്ധുജനങ്ങൾക്കുവരെ ആക്ഷേപകരമാണ്.

കരച്ചിൽ കേട്ടുകൊണ്ട് മുറിയുടെ കതക് തകർത്ത് വർഗീസും, സെന്ററിന്റെ പ്രസിഡന്റ് സ്റ്റീഫനും അകത്തു കയറി വന്നു. വില്ലുപോലെ വളഞ്ഞു കുത്തി നിൽക്കുന്നതുകണ്ട് അവർ അമ്പരന്നു. നടുവ് നിവരുന്നില്ലെന്ന്
ഞാൻ പറഞ്ഞു. അവർ രണ്ടു പേരും എന്നെ പൊക്കിയെടുത്ത് ഒരു കാറിൽ കയറ്റി ആശുപ ത്രി ലക്ഷ്യമാക്കി ചീറിപാ ഞ്ഞു. ഹൃദയം മാറ്റിവ യ്ക്കുന്ന അമേരിക്കയിലെ ഡോക്ടറുമാർ, വേണ്ടി വന്നാൽ വളഞ്ഞ നടുവ് മാറ്റി നല്ല നടുവ് വച്ചുതരും എന്ന് സമാധാനിച്ച് ഞരങ്ങിയും മൂളിയും കാറിൽ കിടന്നു. ആശുപത്രിയിൽ ഡോക്ടറുടെ മുറിയിൽ എന്നെ എടുത്ത് കിടത്തി എന്നെ ട്ടും തന്നു. ഓപ്പറേഷൻ ചെയ്യരുതേ എന്ന് ഞാൻ വിളിച്ച് പ

> ഓപ്പറേഷൻ ചെയ്യരുതേ എന്ന് ഞാൻ വിളിച്ച് പറയുന്നുണ്ട്. സാരമില്ലെന്ന് അവർ പറഞ്ഞങ്കിലും എനിക്ക് വിശ്വാസം വന്നില്ല.

റയുന്നുണ്ട്. സാരമില്ലെന്ന് അവർ പറഞ്ഞങ്കിലും എനിക്ക് വിശ്വാസം വന്നില്ല. ഡോക്ടർ വന്നപ്പോൾ അവരെ മുറിയിൽ നിന്ന് ഇറക്കിവിട്ടു. ഞാൻ മേശ മായിട്ടാണ് പുറത്ത് കൂനിക്കൂടി കിടക്കുകയാണ് എന്ന് ഡോക്ടർ ചോദിച്ചു. തുടർന്ന്, ഘാടനം ഇങ്ങനെ വരാറുണ്ടോ എന്നും തിരക്കി. റ്റ് റൂമി ഇത് ആദ്യമായാണ് എന്ന് ഞാൻ പറഞ്ഞിട്ട് തുടർന്നു.

""മൂത്രവിസർജ്ജനം കഴിഞ്ഞപ്പോൾ ഭിന്നിച്ച് നടുവ് നിവരാതായി"
""വേദനയുണ്ടോ""
""ഇല്ല ഡോക്ടർ""
ഡോക്ടർ തിരിച്ചു കിടത്തി നാഭിക്കും വയറ്റത്തും കൈവച്ചു നോക്കി എന്നിട്ട് ചിരിച്ചു കൊണ്ട് പ റഞ്ഞു രോഗമൊന്നുമില്ല. എണീറ്റു പൊയ്ക്കോ""

എന്റെ നടുവ് നിവർന്നു. ഡോക്ടർ മുറി തുറന്നപ്പോൾ വർഗീസും സ്റ്റീഫനും ഉത്കണ്ഠയോടെ ചോദിച്ചു. ഡോക്ടർ എന്തായിരുന്നു

ഡോക്ടർ പറഞ്ഞു. ""അസുഖമൊ ന്നുമില്ലായിരുന്നു. മൂത്രവിസർജനം കഴിഞ്ഞ് കോട്ടിന്റെ ബട്ടൺ കഴിയിൽ പന്റ്സിന്റെ താഴത്തെ ബട്ടൺ ഇട്ടപ്പോൾ നിവരാതായി.

അവർ മൂവരും പൊട്ടിച്ചിരികൂന്നതിനിടയിൽ ഇതു പുറത്ത് പറയേണ്ട എന്നു ഞാൻ പറഞ്ഞ് അവർ ശ്രദ്ധിച്ച് കാണുമോ എന്തോ!

# ഗുരു

# ആർഷഭാരത സംസ്ക്കാരത്തിൽ

അജ്ഞാനതിമിരാന്ധ്യ ജ്ഞാനശലാകയാ
അണ്ഡമണ്ഡലകാരം വ്യാപ്തം
യേന ശ്രീ ഗുരു ന

ഇങ്ങനെ പലരീതിയിലും ഭാരത സംസ്കാരത്തിൽ ഗുരുവിനെ വ്യാഖ്യാനിക്കുന്നു. ഗുരു സാക്ഷാത് പരബ്രഹ്മ, ഗുരു പരബ്രഹ്മം തന്നെയാണ് എന്നാണ് ഭാരതീയ സങ്കല്പം. ഗുരു ബ്രഹ്മാവാണ്, വിഷ്ണുവാണ്, ശിവനാണ് ഗുരു ഈശ്വര തുല്യനാണ് എന്ന് സാരം.

ഇന്ന് നമ്മൾ കാണുന്ന ഗുരുസങ്കല്പം അല്ല ഭാരതീയ ഗുരുസമീപം ആ സങ്കൽപ്പം വളരെ യധികം താഴ്ന്ന് പോയിട്ടുണ്ട്. ഇന്ന് നാം എന്തെങ്കിലും പഠിപ്പിക്കുന്ന അദ്ധ്യാപകനെ യാണ്. ഗുരു എന്ന് വിശേഷിപ്പിക്കുന്നത്. എന്നാൽ ഗുരു എന്ന അധ്യാപകനെ വി ഷിപ്പിക്കാൻ സാധിക്കുമോ എന്ന് ഇപ്പോൾ ചിന്തിക്കുന്നില്ല. ഭാരതീയ സങ്കല്പത്തിൽ ഗുരു വിന് മൂന്ന് സ ങ്ക ൽ പ്പ മ ു ണ്ട ് .

ഒന്ന് അദ്ധ്യാപകൻ, രണ്ട് ആചാര്യൻ, മൂന്ന് ഗുരു എന്നിങ്ങനെയാണ്. ഈ മൂന്ന് സങ്കല്പങ്ങളിലും ഗുരു എന്ന പദത്തിന് തുല്യമായി മറ്റുരണ്ടുപദങ്ങളും ഉപയോഗിക്കാൻ പറ്റുന്നതല്ല. നമ്മുടെ ഭൗതികജീവിതത്തിനുതകുന്ന എന്തെങ്കിലും പഠി ക്കാൻ പറ്റുന്നതല്ല. നമ്മുടെ ഭൗതിക ജീവിതത്തിനുതകുന്ന എന്തെങ്കിലും പഠിപ്പിക്കുന്ന ആളിനെ അദ്ധ്യാപകൻ അഥവാ ഉപ ധ്യായൻ എന്നു പറയാം, അതിനേക്കാൾ ഉയർന്ന പദ വിയാണ് ആചാര്യൻ, ധർമ്മം ജീവിതത്തിൽ ആചരിക്കുന്ന ആളാണ്. സത്യം വദ ധർമ്മം ചര എന്നതുകൊണ്ട് സത്യം മാത്രം പറയുകയും ധർമ്മം മാത്രം ആചരിക്കുകയും ചെയ്യുന്ന ആളിനെയാണ് ആചാര്യൻ എന്നു പറയുന്നത്. ഗുരു എന്ന് പ റയുന്നത് ഏറ്റവും ഉയർന്ന പദവിയാണ്. ഈശ്വര സാക്ഷാത്കാരത്തിന് നമ്മെ പ്രാപ്തനാക്കുന്ന ആളിനെ ഗുരു എന്ന പറയാം. ഈശ്വര സാക്ഷാത്കാരം ലഭിച്ചയാളായിരിക്കണം ഗുരു. എങ്കിലേ നമ്മെയും ആ പദത്തിലെത്തിക്കാൻ സ ാധ ിക്ക ുയ ുള്ള ു. ജ ീവ ാത്മ ാവ ു ം പരമ ാത്മ ാവ ു ം ആത്യന്തികമായി



ഈശ്വരനോടുള്ള പ്രേമം ഗാഢമായ സംയോഗം ഇവ ധാർമ്മിക ജീവിത ത്തിന്റെ ഫലമാണ്. അവ തന്നെയാണ് ആധ്യാത്മികതൃഷ്ണ ശമിപ്പിക്കുവാനുള്ള മാർഗ്ഗവും.

ഒന്നാണ്. അഹം ബ്രഹ്മാസ്മി എന്ന നിലയിൽ എത്തുന്ന ആളാണ് ഗുരു. സ്വയം ഈശ്വരനെ സാക്ഷാത്കരിച്ച് ഈശ്വരനായിത്തീർന്ന് ഈശ്വരസാക്ഷാത്കാരം മറ്റുള്ളവർക്ക് പകർന്നു. കൊടുക്കാൻ കഴിവുള്ള ആളിനെയാണ് ഗുരു എന്ന് പറയുന്നത്.

ലോകത്തിലെ എല്ലാ മതഗ്രന്ഥങ്ങളിലും കണ്ണോടിച്ചാൽ ആ മതങ്ങളുടെ ഗുരുസങ്കല്പം വ്യക്തമാകും. ഇസ്ലാം മത സംസ്കാരത്തിൽ ഗുരുവിന് പ്രത്യേക സ്ഥാനമാണ് നൽകിയിരിക്കു ന്നത്. ഇസ്ലാമിക് സംസ്കാരത്തിൽ ഈശ്വരസാക്ഷാത്കാരം നേടിയവർ പ്രവാചകൻമാരായിരുന്നു. അവിടെ സന്ദേശങ്ങൾ സാർവലൗകികവും അന ശ്വരവും, സദാചരാചരവും, ആധ്യാത്മി കവും, സാമൂഹികവും രാഷ്ട്രീയവു മായ ആശയങ്ങൾ കാണാൻ സാധിക്കും. എല്ലാ മത സമ്പ്രദായങ്ങളിലും രണ്ടു ദശാവിശേഷങ്ങളെ ഇവ പ്രതിനി ധീകരിക്കുന്നു. ഒന്ന് ഈശ്വരനിലുള്ള മാർഗ്ഗം എന്ന നിലയിലും രണ്ടാമതായി മനുഷ്യവംശത്തിലെ ഒരു സാമൂഹിക രാഷ്ട്രീയ ബോധനം എന്ന നില യിലും ഇസ്ലാമികവിശ്വാസികൾ അവ രുടെ പ്രചോദനം പ്രാഥമികമായി ഖുർആനിൽ നിന്നും, പാരമ്പര്യമായി പ്രവാചകരിൽ നിന്നും സ്വീകരിക്കുന്നു. മുഹമ്മദിനേയും അദ്ദേഹത്തിന്റെ സന്ദേ ശങ്ങളുടെ സാർവൗകികതെയും പറ്റി ഖുർആൻ പറയുന്നു. പ്രവാചകന്റെ ചരി യിൽ നിന്നും സ്വീകരിക്കുന്നു മുഹമ്മ ദിനേയും അദ്ദേഹത്തിന്റെ സന്ദേശങ്ങ ളുടെ സാർവ്വൗകികതെയും പറ്റി ഖുർ ആൻ പറയുന്നു. പ്രവാചകന്റെ മരണ ശേഷം ഒരു നൂറ്റാണ്ടിനുള്ളിൽ ഈശ്വ രാവേശം സിദ്ധിച്ചവർ രംഗപ്രവേശം ചെയ്തു. ഇസ്ലാമിൽ ദൈവത്തിന് ഇഷ്ടപ്പെട്ട സ്ത്രീപുരുഷൻമാരായിരുന്നു. അവർ അവരാണ് സൂഫികൾ.

സൂഫികളിൽ പലരും നിഷ്കാമ കർമ്മ ജീവിതമാണ് നയിച്ചിരുന്നത്. ഇത് തികച്ചും ശരീരത്തിന് എതിരായിരുന്നു. സൂഫികൾക്ക് ശരീരത്തിനെയും ഇസ്ലാമിക ഭരണകൂടത്തേയും ഭയമായ തിനാൽ അവരുടെ ആത്മീയമായ ത നകളും അനുഭൂതികളും പ്രകടിപ്പിക്കാൻ പറ്റാത്ത അവസ്ഥയായിരുന്നു.

മുഹമ്മദ് നബി അന്ത്യപ്രവാചകൻ ആയതിനാൽ അദ്ദേഹത്തിനു ശേഷം ഇനിയൊരു പ്രവാചകൻ വരികയില്ല. എന്ന് ഇസ്ലാമിക വിശ്വാസം സംസ്കരണ പ്രവർത്തനങ്ങൾക്ക് സമൂഹത്തിൽ ഒരു വിഭാഗം ഇപ്പോഴും ഉണ്ടായിരിക്ക ണമെന്ന് ഖുർആൻ അനുശാസിക്കുന്നു. മറ്റു മതങ്ങളിൽ നിന്നും ഇസ്ലാമിനെ വ്യത്യസ്തമാക്കുന്നത് ഇസ്ലാമിൽ പൗരോഹിത്യമില്ല എന്ന് വ്യത്യസ്ത തയാണ്. ഓരോ നൂറ്റാണ്ടിലും പരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഒരു പരിഷ്കർത്താവിന്റെ ആഗമനം ഉണ്ടാകുമെന്ന് ഹദീസ് നമ്മെ പഠിപ്പിക്കുന്നുണ്ടാകുമെന്ന് ഹദീ

അതുപോലെതന്നെ ക്രിസ്തുമത ത്തിൽ ദൈവത്തിന്റെ പ്രതിപുരുഷനാ യിട്ടായിരുന്നു യേശു രംഗപ്രവേശനം ചെയ്തത്, റോമിന്റെ കിരാതമായ നിബ ന്ധനകളും നിയമങ്ങളും മനുഷ്യനെ ജീവിതത്തിൽ ബന്ധിക്കു അവനെ അതിൽ നിന്നും മുക്തനാക്കി വ്യത്യസ്തമായ ആദ്ധ്യാത്മികതയിലേക്ക് അടുപ്പിക്കുകയാണ് യേശു ചെയ്തത്. അതുവരെ മനുഷ്യനും ഈശ്വ രനും തമ്മിലുള്ള ബന്ധത്തിന് തടസ മായിരുന്ന ഭയത്തിനെ മാറ്റിക്കൊണ്ട് പ്രേമം പറിച്ചുനട്ടു.

ꠚ

ഈശ്വരനോടുള്ള പ്രേമം ഗാഢമായ സംയോഗം ഇവ ധാർമ്മിക ജീവിത ത്തിന്റെ ഫലമാണ്. അവ തന്നെയാണ് ആധ്യാത്മികതൃഷ്ണ ശമിപ്പിക്കുവാനുള്ള മാർഗ്ഗവും. ഇതായിരുന്നു യേശു വിന്റെ ദൃഷ്ടി യിൽ മതത്തിന്റെ പൊരുൾ. ആധ്യാത്മിക ചക്ര വാള ത്തിൽ സ്നാപകയോഹന്നാൻ രംഗപ്രവേശനം ചെയ്തു. അദ്ദേഹം തപസ്വിയും, നൈഷ്ഠിക ബ്രഹ്മചാരി യുമായിരുന്നു. തടസ്സം ബ്രഹ്മചാരിയും, സെമിറ്റിക് മതത്തിന് അപരിചിതമായിരുന്നു. സ്നാപക യോഹ ന്നാൻ തന്റെ പ്രഖ്യാപനങ്ങളിലൂടെ ജനശ്രദ്ധ പിടിച്ചു പറ്റി. റോമൻ പ്രഭുത്വത്തിന്റെ പീഡനം അനു ഭവിച്ചുകൊണ്ടിരുന്ന ജനതയ്ക്ക് ഇത് ആശ്വാസമായിരുന്നു.

യേശു ആദ്യമായി തന്റെ കാര്യ ത്തിന്റെ ഭാഗമായി ശിഷ്യസമ്പാദനത്തി നായി തിരിച്ചു. കടലിൽ വലവീശിക്കൊ കൂടെ വരുവിൻ ഞാൻ നിങ്ങളെ

മനുഷ്യരെ പിടിക്കുന്നവരാക്കാം. അവർ അപ്രകാരം വലയുമുപേക്ഷിച്ച് അദ്ദേഹത്തിന്റെ പിന്നാലെ തിരിച്ചു. ജയിംസ്, യോഹന്നാൻ എന്ന രണ്ടുമുക്കുവൻമാർ കൂടി ഇതേ രീതിയിൽ യേശുവിന്റെ ശിഷ്യരായി മാറി. ചുങ്കപ്പിരുവുകാരായ മത്തായിയും ബാക്കി ശിഷ്യന്മാരും അദ്ദേഹത്തെ അനുഗമിച്ചു. ഈശ്വരീയമായ മുക്തിയിലേക്കുള്ള മാർഗ്ഗം ആരാ യുമ്പോൾ മാത്രമാണ് നാം ഉപദേശ ങ്ങൾ സാർത്ഥമാക്കുന്നത്. ഉൾക്കൊണ്ട് ഉപദേശങ്ങൾ അപ്പോൾ സ്വാർത്ഥമാകുമെന്ന് മഹാനായ ഗുരു നമുക്ക് ഉറപ്പു നൽകുന്നു. അർത്ഥിക്കുകയും, അ ഷിക്കുകയും മുട്ടുകയും ചെയ്യേണ്ടത് നമ്മുടെ ഭാഗവും നൽകുകയും വെളിപ്പെടുത്തുകയും തുറക്കുകയും ചെയ്യേ ണ്ടത് ഈശ്വരന്റെ ഭാഗവും ആണ്. ഈ ഭാവനയോടെയാണ് ക്രിസ്തുവിനെ ആരാധിക്കുന്നത്. ഇതാണ് നാം സ്വീക രിക്കുന്ന ഹൈന്ദവരീതി.



എല്ലാവരേയും അവർ ലോകത്തിനു ന ൽകുന്ന പ്രചോദനവും ഉൾക്കൊണ്ടു വിധം മഹാമനസ്കതയോടെ വീക്ഷിക്കുന്നവരാണ് നാം ഭാരതീയർ. അതു കൊണ്ട് ഭാരതീയർക്ക് ഏത് മത വിശ്വാസങ്ങളേയും ഉൾക്കൊള്ളുവാനുള്ള മനസ്സ് ഉണ്ടായിരിക്കും. മതങ്ങളോടുള്ള ഭാരതത്തിന്റെ സമീപനം കേവലം സിദ്ധാനുപരമല്ല. സ്വനുഭവ പ്രധാനമാണ്. തങ്ങളുടെ മത സംബന്ധമായ ജിജ്ഞാസയെ ശമിപ്പിക്കുന്ന തിന് ഭാരതം അന്വേഷിക്കുന്നത് ആധ്യാ ത്മിക അനുഭൂതിയാണ്. ഭാരതീയ ഗുര സങ്കൽപ്പത്തിന്റെയും ആദ്ധ്യാത്മിക ജീവിതത്തിൽ ഗുരുവിന്റെ ആവശ്യകതയെപ്പറ്റിയും നാം ബോധവാൻമാരാകണം. ഈ നൂറ്റാണ്ടിൽ നമ്മിൽ നിന്നും അകന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഗുരു സങ്കല്പം മടങ്ങി വരുന്നതിന് നാം പരിശ്രമിക്കേണ്ടതായുണ്ട്. ഭാരതത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായ ഒരു ഗുരു സങ്കല്പ മാണ് ഇപ്പോൾ നിലവിലുള്ളത്.

ആദ്ധ്യാത്മിക ശാസ്ത്രത്തിൽ ആത്മസാക്ഷാത്കാരത്തിന്റെ വഴിമനസ്സിലാക്കുന്നത് ഗുരുവിന്റെ സഹായം ആവശ്യമായി വരുന്നുണ്ട്. ഇവിടെ നാം അറിയാതെ വഴികളിലൂടെയാണ് സഞ്ചരിക്കുന്നത്. ഗുരു ആവശ്യമില്ലെന്നു കരു തുന്നവരും ഇത് ഓർക്കുന്നത് നന്നായിരിക്കും. അന്ധന്മാർ അന്ധന്മാരെ നയിക്കാൻ ശ്രമിക്കരുത്.

ശാസ്ത്രങ്ങൾ ഗുരുവിന്റെ ആവശ്യകത ആവർത്തിച്ചു പറയുന്നു. ഭഗ വത് ഗീതയിൽ ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനനെ യുദ്ധ രംഗത്തേക്ക് കൊണ്ടു പോകുന്നത്, ആദ്ധ്യാത്മിക ഉപദേശങ്ങൾ ഒന്നും അപ്പോൾ കൊടു ക്കുന്നില്ല. അർജ്ജുനൻ ഭഗവാനോടപേ ക്ഷിക്കുന്നു. എന്റെ മനസിന് ശരിയായ വഴിയേ തെന്നറിയില്ല. അവിടുത്തെ ശിഷ്യനായ ഞാൻ അപേക്ഷിക്കുന്നു. അങ്ങയിൽ പ്രാപിച്ച് എന്നെ ഉപദേശിച്ചാലും. അർജ്ജുനൻ ശ്രീകൃഷ്ണനെ ഗുരു വായി സ്വീകരിക്കുമ്പോൾ മാത്രമാണ് ഗുരുവായ ഭഗവാൻ ഉപദേശം നൽകുന്നത് പരമ സത്യത്തിലേക്കടുക്കും തോറും പരമ ചൈതന്യം സർവ്വജീവികളിലും പത്തികുന്നതയി അയാൾ കാണുന്നു. പരമ ഗുരുവായ പരമാത്മാവുമ്മായി അയിക്യം പ്രാപിക്കുമ്പോൾ ആയാൾ മറ്റുള്ളവർക്ക് ദിവ്യഞാനം സിദ്ദികനുള്ള മാർഗമായി തീരുന്നു.

ഗുരു, തന്റെ മനസ്സാക്ഷി സൂക്ഷിപ്പു കാരനും തന്റെ സന്ദേശ വാഹകരും ആകുവാൻ അർഹതയുള്ളവരെയും തന്റെ ഉന്നത ചിന്തയിലും ഏകാന്തത യിലും കഴിവുള്ളവരുമായ പരിശുദ്ധാ മാക്കളെയും തന്റെ ആദ്ധ്യാത്മിക ശക്തി കൊണ്ട് കണ്ടെ ത്തു കയും തന്നോട് നിർത്തുകയും ചെയ്തു. ഇതാ യിരുന്നു ഗുരുവിന്റെ കഴിവും സവിശേതയും.

ചിത്രം മദ്രാസ് പ്രദർശനത്തിൽ വീണ്ടും സ്വർണ്ണ മെഡൽ നേടി. ഈ ചിത്രം പിന്നീട് “ദാരിദ്ര്യം“ എന്ന പേരിലാണ് അറിയപ്പെട്ടത്. 1876-ൽ രചിച്ച “ദുഷ്യന്തനൊരു പ്രേമലേഖനം“ എന്ന ശകു ന്തളയുടെ ചിത്രം ഏറെ പ്രശംസയും അംഗീകാരവും നേടി. പ്രദർശനത്തിനു ശേഷം ആ ചിത്രം, അന്ന് ഗവർണ്ണറായിരുന്ന ലോർഡ് ബക്കിങ്ങ്ഹാം വില വാങ്ങി. പലതവണ തന്റെ ചിത്ര ങ്ങൾ സമ്മാനാർഹ മാ യ തി നാൽ പിന്നീട് രവിവർമ്മ തന്റെ ചിത്രങ്ങൾ മത്സരങ്ങൾക്കല്ലാതെ പ്രദർശനത്തിനു മാത്രമായി അയയ്ക്കുകയാണ് ചെയ്തത്

തുടർന്ന് ചുവർചിത്രങ്ങളിൽ മാത്രം ഒതുങ്ങിയിരുന്ന പുരാണകഥാപാത ങ്ങളും സന്ദർഭങ്ങളും



രവിവർമ്മയുടെ ക്യാൻവാസിൽ എണ്ണച്ഛായത്തിൽ ജീവ ശ്രീകൃഷ്ണ ജനനം, സീതാസ്വയംവരം, വിശ്വാമിത്രനും മേനകയും, രാധാമാധ വം, അർജ്ജുനനും സുഭദ്രയും, ദ്രൗപതിയും സിംഹികയും, മോഹിനിയും രുഗ്മാംഗദനും തുടങ്ങിയ ചിത്രങ്ങൾ അദ്ദേഹത്തിന്റെ മുഖമുദ്രയായി അംഗീ കാരം നേടിയവയാണ്.

ഛായാചിത്ര കലയിലും രവിവർമ്മ യുടെ കരവിരുത് അത്ഭുതാവഹമായി രുന്നു. കലയിലും രവിവർമ്മ യുടെ കരവിരുത്ത്ഭുതാവഹമാ രുന്നു. തിരുവിതാംകൂർ, കിളിമാനൂർ, മാവേലിക്കര തുടങ്ങിയ കൊട്ടാരങ്ങ ളിലെ കുടുംബാംഗങ്ങളുടെ ഛായാചി തങ്ങൾ രവിവർമ്മ വരച്ചു. 1878-ൽ അദ്ദേഹം രചിച്ച, മദ്രാസ് ഗവർണ്ണ റായിരുന്ന ബക്കിങ്ഹാം ഡ്യൂക്കിന്റെ ഛായാചിത്രം വളരെയേറെ പ്രശംസ പിടിച്ചുപറ്റി. 1880-ൽ തന്റെ ഏറ്റവും വലിയ അഭ്യുദ യകാംക്ഷിയായിരുന്ന ആയില്യം തിരുനാൾ മഹാരാജാവിന്റെ മരണം അദ്ദേഹത്തെ ദുഃഖത്തിലാ ഴ്ത്തി

രവിവർമ്മ ചിത്രങ്ങളിൽ ആകൃഷ്ടനായ ബറോഡ മഹാരാജാവ് സയാജി റാവും തന്റെ ദിവാൻ മാധവറാവുവിനെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു. ക്ഷണം സസന്തോഷം സ്വീകരിച്ച രവിവർമ്മ, ദിവാൻ വിലയ്ക്കുവാങ്ങിയ സീതാ ഭുപ്രവേശം" എന്ന മറ്റൊരു ചിത്രവും തന്റെ സമ്മാനമായി നൽകി. പിന്നീട് ദിവാൻ മാധവറാവു പൂനയിൽ നടന്ന ചിത്രപ്രദർശനത്തിൽ ആ ചിത്രം മത്സരത്തിന യയ്ക്കുകയും സ്വർണ്ണമെഡൽ നേടുകയും ചെയ്തു. ആ ചിത്രം കരസ്ഥമാക്കുവാനാഗ്രഹിച്ചവരുടെ കൂട്ടത്തിൽ അന്നത്തെ ബോംബെ ഗവർണ്ണർ സർ ജയിംസ് ഫർഗൂസിനുമുണ്ടായിരുന്നു. മഹാരാജാവ് സയാജിറാവുവിന്റെ ക്ഷണം സ്വീകരിച്ച് ബറോഡയിലെത്തിയ രവിവർമ്മ ഏതാനും മാസങ്ങൾ അവിടെ താമസിച്ച് ശ്രദ്ധേയങ്ങളായ പല ചിത്രങ്ങളും കൂടാതെ രാജകുടും ബാംഗങ്ങളുടെ ഛായാചിത്രങ്ങളും രചിച്ചു. ശന്തനുവും ഗംഗയും, ഉർവശി, ഹരിശ്ചന്ദ്രനും താരാമതിയും, ഭരതനും സിംഹക്കുട്ടിയും, കംസമായ തുടങ്ങി യവ അക്കാലത്തെ രചനകളാണ്. തുടർന്ന് ബോംബെ, പൂന എന്നിവിടങ്ങളിലും താമസിച്ച് അദ്ദേഹം ചിത്രര ചന നടത്തി.

പിന്നീട് നാട്ടിലെത്തിയ രവിവർമ്മ മാവേലിക്കരയിലെ ഉത്സവമഠം കൊട്ടാ രത്തിൽ ചിത്രരചനയുമായി കുറേ കാലം കഴിഞ്ഞു. തന്റെ ആദ്യഗുരുവും മാതുലനുമായിരുന്ന രാജരാജവർമ്മ യുടെ മരണം അദ്ദേഹത്തെ വളരെയ ധികം വേദനിപ്പിച്ചു. ആയിടെ അദ്ദേഹം പുരാണങ്ങളിൽ നിന്നും വ്യതിചലിച്ച് ചുറ്റുപാടുകളിലെ ജീവിതസ്പർശിയായരംഗങ്ങൾ ക്യാൻവാസിൽ പകർത്തുക യുണ്ടായി. വഴിവക്കിലെ ഗായകർ, ഭിക്ഷ നൽകുന്ന തമിഴ് വനിത, വെള്ള മെടു ക്കുന്ന പെൺകുട്ടി, ക്ഷുരകൻ, രാജക യഘോഷയാത്ര, ക്ഷേത്രക്കുളം, നാടോ ടികൾ, പ്രാർത്ഥിക്കുന്ന മുസ്ലീം, സിതാർവാദകൻ, തുടങ്ങിയ ചിത്രങ്ങൾ അങ്ങനെ വരച്ചവയാണ്.

1885-ൽ മൈസൂർ രാജാവിന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹം മൈസൂർ കൊട്ടാരത്തിലെത്തി ചിത്രരചന നട ത്തി. 1891-ൽ രവിവർമ്മ ബോംബേയി ലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പിതാവ് അന്തരിച്ചു. രവിവർമ്മയ്ക്ക് രണ്ടു പുത്രന്മാരും മൂന്നുപുത്രികളുമു ണ്ടായതിൽ രണ്ടാമത്തെ പുത്രനായ ശ്രീ. രാമവർമ്മ സ്വപിതാവിന്റെ വഴിത ന്നെയാണ് തെരഞ്ഞെടുത്തത്.



1894-ൽ ബോംബെയിൽ ഒരു ലിയോ പ്രസ്സ് സ്ഥാപിച്ച് വ്യാപാരിടി സ്ഥാനത്തിൽ തന്നെ തന്റെ പ്രശസ്ത ചിത്രങ്ങൾ മുദ്രണം ചെയ്തത് വി നക്കിറക്കാനുള്ള സംരംഭം രവിവർമ്മ ആരംഭിച്ചു. ശകുന്തള, സരസ്വതി, ലക്ഷ്മി തുടങ്ങിയ ചിത്രങ്ങളുടെ ലക്ഷ ക്കണക്കിന് പ്രതികൾ ഇവിടെ നിന്നും അന്നു വിറ്റഴിഞ്ഞു. സാധാരണക്കാരുടെ കലാബോധം വളർത്തുന്നതിൽ ഗണ്യ മായ പങ്കുവഹിച്ച ഈ ലിത്തോ പ്രസ്

1897-ൽ ബോംബെയിലുണ്ടായിരുന്ന പ്ലേഗു ബാധയെത്തുടർന്ന് വിൽക്കേണ്ടിവന്നു. ഭാരതത്തി ലെ വിവിധ സ്ഥലങ്ങ ളിലെ വിവിധ തലങ്ങളിലും മതങ്ങ ളിലും ജാതിയിലും പെട്ട സ്ത്രീകളെ ചിത്രീകരിക്കുന്നതിൽ രവിവർമ്മയ്ക്ക ണ്ടാ യിരുന്ന നിരീക്ഷണ പാടവം എടുത്തു പറേ യണ്ടതാണ്. കേരളീയ രീതിയിലുള്ള നായർ യുവതി അതാ അച്ഛൻ വരുന്നു എന്നീ രണ്ടു ചിത്രങ്ങ ളിൽ രണ്ടാമത്തേതിന് അദ്ദേഹം തന്റെ പുത്രിയെ തന്നെയാണ് മോഡലാക്കിയ ത്. മുഗൾ കൊട്ടാരത്തിലെ മാർബിൾ പാകിയ കുളത്തിൽ കുളിക്കുവാനിറ ങ്ങുന്ന മുസ്ലീം രാജകുമാരിയുടെ ചിത്രവും തന്റെ കാമുകനെ കാത്തു നിൽക്കുന്ന ഹിന്ദു യുവതിയുടെ കാത്തിരുപ്പ് എന്ന ചിത്രവും അങ്ങേ യറ്റം പ്രശംസ പിടിച്ചുപറ്റിയവയാണ്. ഇന്ത്യയിലെ തെരുക്കൂത്താടി എന്ന ചിത്രം സ്ത്രീകളും കുട്ടി കളുമടങ്ങിയ ഒരു ദക്ഷിണേന്ത്യൻ നാടോടി സംഘത്തിന്റെ ചിത്രീകരണ സിസ്റ്റേഴ്സി റിമംബറൻസ് എന്ന ഹിന്ദു മറാത്തി ജീവചിത്ര ണവും വള രെയേറെ പ്രസിദ്ധങ്ങളാണ്. കിണറ്റിൻ കരയിൽ എന്ന ചിത്രത്തിലെ ബ്രാഹ്മ യുവതി അക്കാലത്തെ ബ്രാഹ്മണ കുടുംബത്തിലെ ദുഃഖിതയായ ഒരു മരു മകളാണ്. തന്റെ കയ്യിലുള്ള കത്ത് വായി ച്ചപ്പോഴുണ്ടായ വിഷാദഭാവം ശരിക്കും പ്രകടമാക്കുന്ന അയ്യങ്കാർ യുവതിയുടെ ചിത്രമാണ് “ദി ഡിസ്പറേറ്റിംഗ് ന്യൂസ്“ മഹാരാഷ്ട്രയിലെ വിവാഹാഘോഷങ്ങ ളിൽ കണ്ടുവരാറുള്ള ഗായകസംഘ ത്തിലെ സിതാർ വായിക്കുന്ന ഗായിക യുടെ ചിത്രമാണ് “ദി ബോംബ സിംഗർ

1892-ൽ ചിക്കാഗോയിൽ നടന്ന അന്താരാഷ്ട്ര ചിത്രപ്ര ദർശനത്തിൽ രവിവർമ്മ യുടെ പത്ത് ചിത്രങ്ങൾ പ്ര ദർശിപ്പിച്ചു. പ്രദർശനത്തിൽ നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയ തോ ടൊപ്പം അവ അന്തർദ്ദേശീയ പ്രശംസ നേടുകയും ചെയ്തു.

1905-ൽ മൈസൂർ വനങ്ങളിലൂടെ നടത്തിയ യാത്രയിലാണ് ലോക പ് ശസ്ത്ര ആനപിടുത്ത സങ്കേതകമായ വെദ്ദ അദ്ദേഹം ചിത്രത്തിലാക്കിയത്. രവിവർമ്മയുടെ അവസാന ചിത്രമായി കരുത പ്പെടുന്ന പൂർത്തിയാകാത്ത ഈ ചിത്രം ഇന്ന് തിരുവന്തപുരം ശ്രീ ചിത്രാ ആർട്ട് ഗാലറിയിലെ രവിവർമ്മ ചിത്ര ശേഖരത്തിലുണ്ട്. 1906 ഫെബ്രു വരിയിൽ തിരുവനന്തപുരത്ത് തിരിച്ചെ ത്തിയ രവിവർമ്മ പ്രായാധിക്യം മൂലം കിളിമാനൂർ കൊട്ടാരത്തിൽ പുരാണ പാരായണങ്ങളിൽ മുഴുകി കഴിഞ്ഞു. ഒക്ടോബർ 6-ാം തീയതി, അദ്ദേഹം അശയം ചിത്രീകരികുവാൻ ശ്രമിച്ചെങ്കിലും അദേഹത്തിന്റെ കൈകൾ വഴങ്ങിയില്ല. ദേഹാസ്വാസ്ഥ്യം മൂലം ശയ്യാവലംബിയായ അദേഹം മണിക്കൂറുകൾക്കുള്ളിൽ അന്ത്യശ്വാസം വലിച്ചു.

ഭാരതീയർക്ക് വിശേഷിച്ച് കേരളീ യർക്ക് ചിത്ര കലയിൽ അപരിചിതമായ ഒരു വിദേശപാരമ്പര്യം ഇറക്കുമതി ചെയ്യുകയും അതിലൂടെ ഭാരതീയ ചിത്രകലയുടെ പ്രശസ്തി അന്തർദ്ദേ തലത്തിലെത്തിക്കുകയും ചെയ്ത മഹാനായ ഈ പ്രതിഭാശാ ലിയെ നമുക്ക് ഒരിക്കലും മറക്കാനാ വില്ല.

# തർപ്പണം

**ബിജു മാർക്കോസ്**
ഒന്നാം വർഷ ഭൗതികശാസ്ത്രം

പിതൃക്കളെ,
നിങ്ങൾക്കു ബലിനൽകാൻ
മുതലാളിത്തം തിരക്കു കൂട്ടുന്നു
വിഢിപ്പെട്ടിയിലൂടെ
അങ്ങനെ ഇങ്ങനെ പരസ്യം
ഒന്നായി ഒഴുകുന്നു
ഏസി റൂമും മിനറൽ വാട്ടറും
ബലിക്കു ഞങ്ങൾ നൽകീടാം
എള്ളും അരിയും ചോറുമെല്ലാം
പായ്ക്കറ്റാക്കി തന്നീടാം
പൂജാരി ഡിജിറ്റൽ സ്ക്രീനിൽ
നിങ്ങളുടെ മുമ്പിൽ വന്നിടും
നിങ്ങളുടെ ബന്ധുജനങ്ങൾക്കെല്ലാം കാണാൻ
ഇരിപ്പിടം ഒരിക്കിടാം
അങ്ങനെ ഇങ്ങനെ അങ്ങനെയൊക്കെ
ഇടവേളകളിൽ മുഴങ്ങീടുന്നു മുതലാളിത്തം
കാശിനുവേണ്ടി പതൃക്കൾ വിലപറയുന്നു
മൺമറഞ്ഞവരുടെ പേരു ചൊല്ലി
കാശുകൾ വാരിക്കൂട്ടുന്നു

(വാവുബലിയിലെ
വരാൻ പോകുന്ന സ്റ്റൈൽ)

# STILL HE LIVES

**Manjusha C.M**
II DC Economics

I feel him through the music of nature music of the hills,
music of the rocks Dancing with the waves
In the pat of the breeze, touches me softly,
Whispering in my ears
The rythm of my heart goes on seeking him, his presence
I feel him in the smiling face of the flowers, in their fragrance
In the raindrops fallen in the leaves,
Dancing with their shaking heads
I open the window
he comes in as the sunrays kissing my face well
At night as the
At night as the moonlight he touches Makes me sleep deeply, deeply to
My head with his cold fingers, his world of dreams
Holding my hand, through the snowy valleys,
Through the Mountains, to the world of stars
He sends me back, staying there as smiling star
Twinkling in my falling tears





# മതേതരത്വത്തിന്റെ പുതിയ വഴി

**സിതാര. എം.**
രണ്ടാം വർഷ ആംഗലേയ സാഹിത്യം

2002ഫെബ്രുവരി 27 കത്തിച്ചാമ്പലാക്കിയത് സബർമതി എക്സ്പ സിലെ എസ് - 6 കോച്ചും 58 മനുഷ്യ ജീവനുകളും മാത്രമല്ല, ഇതുവരെയുള്ള ഗുജറാത്തിന്റെ സമാധാനത്തെയും ഇന്ത്യയുടെ മതനിരപേക്ഷത അടക്ക മുള്ള ജനാധിപത്യ തത്വങ്ങൾ കൂടിയാ ണ്. ജീവനും സ്വത്തിനും ഉണ്ടായ നാശ നഷ്ടങ്ങൾ ഭീമമാണ്. അതിലേറെ ഭീമവും ഭീകരവുമാണ് മഹത്തായ ജനാ ധിപത്യ രാഷ്ട്രത്തിന്റെ ഭാവി. ഗുജറാ ത്തിലെ നരഹത്യയുടെ അധികം ശ്രദ്ധി ക്കപ്പെടാതെ പോയ ചില പ്രത്യേകത യിലേക്ക് ഒന്ന് കണ്ണോടിക്കാം.

“"സാംസ്കാരിക ദേശീയത“ എന്ന മുഖംമൂടിയണിഞ്ഞെത്തിയ ആഗോള മുതലാളിത്തത്തെയും അതിനോടുള്ള സംഘപ രിവാർ ഉൾപ്പെടയുള്ള വർഗ്ഗീയ വാദികളുടെ പ്ര തിബദ്ധതയെക്കുറിച്ചും അറിയുന്നിടത്ത് മാത്രമേ ഗുജറാത്തിലെ യഥാർത്ഥ പ്രശ്നങ്ങളും അറിയൂ. മുൻ പ്രധാനമന്ത്രി നരസിംഹറാവുവിന്റെ കാലത്താരംഭിച്ച “ഉദാരവൽക്കരണം“ എന്ന സാമ്പത്തിക നയവും അതിനെത്തുടർന്നുണ്ടായ ആഗോളവത്കരണ ശ്രമ ങ്ങളും തന്നെയാണ് ഗുജറാത്തിന്റെ കൂട്ടക്കൊലയ്ക്ക് പിന്നിലും. അറുപ തുകളിൽ ഗുജറാത്തിന്റെ സാമ്പത്തിക അടിത്തറ അവിടുത്തെ തുണി വ്യവസായമായിരുന്നു. ലോകോത്തര മില്ലുകളോട് കിടപിടിക്കാൻ തക്ക സമ്പദ്സ്ഥിതി അവർക്കുണ്ടായിരു ന്നു. എന്നാൽ പുത്തൻ നൂറ്റാണ്ടും പുത്തൻ സാമ്പത്തിക ന യവും അവരെ തള്ളി വിട്ടത് ക്രൂരമായ ജോലി അസ്ഥിരതയിലേക്കും പട്ടിണിയിലേക്കുമാണ്. തുണി മിൽ തൊഴിലാളികളിൽ ഭൂരിഭാഗവും ന്യൂനപക്ഷ സമുദായമായിരുന്നു എന്നതാണ് പ്രശ്നത്തിന്റെ സങ്കീർണ്ണത

എവിടെ തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് അപ ചയം സംഭവിക്കുന്നുവോ അവിടെ ഫാസിസ്റ്റ് ശക്തികൾ തഴച്ചു വളരുക തന്നെ ചെയ്യും. ഇവിടെ ഫാസിസ്റ്റ് ശക്തി കളെ വളരാൻ അനുവദിച്ചത് കോൺഗ്രസ്സാണ്. അവർ ഒഴിഞ്ഞ ഇടങ്ങളിൽ ചേക്കേ റാൻ ഇടതുപക്ഷ പ്രസ്ഥാനത്തിലെ ശക്തരായ ഇജക(ങ) ന് കഴിഞ്ഞതുമില്ല. ഇവർ

ഭരണകൂടത്തിന്റെ മതനിരപേക്ഷ ചട്ടക്കൂട്ടിൽ അമിത വിശ്വാസം അർപ്പിച്ചു.

ഒപ്പം മറുവശത്ത് ഉദാരവൽക്കരണ നയങ്ങളുടെ സഹായത്തോടെ ഒരു വരേ ണ്യവർഗം തന്നെ ഉടലെടുത്തു. സംഘപരിവാറിനെ വളർത്തിയെടുക്കുന്നതിൽ ഇവർക്കുള്ള പങ്ക് ചെറുതല്ല. ഇവരുടെ മുദ്രാവാക്യം ""ന്യൂനപക്ഷ സമുദായത്തി നെതിരെയുള്ള സാമ്പത്തിക ഉപരോധമാണ്. ഗുജറാത്തിലെ കൊലോളിൽ വിത രണം ചെയ്യപ്പെട്ട ലഘുലേഖകളിലൊന്ന് ഇതിന്റെ ഭീകരത വിശ ദമാക്കുന്നു. അതി പ്ര കാരം - മുസ്ലിങ്ങളിൽ 95 ശതമാനത്തിലധികവും കച്ചവടങ്ങളിൽ ഏർപ്പെട്ടിരി ക്കുന്നവരാണ്. അവരുടെ ഉപഭോക്താക്കളിൽ 95 ശതമാനത്തിലധികവും ഹിന്ദു ക്കളാണ്. ഹിന്ദു സഹോദരീ സഹോദരന്മാരുടെ കണക്കുകൂട്ടലിൽ മുസ്ലീം കച്ചവ ടക്കാർക്ക് ലഭിക്കുന്ന വാർഷിക വരുമാനം നാലുകോടി രൂപ യാണ്. (മാസങ്ങൾക്ക് മുമ്പ് വിപണി സർവ്വേ എന്ന പേരിൽ കടകൾ തോറും കയറിയിറങ്ങി വിവരശേഖകൾ



മണം നടത്തിയാണ് ഇവർ കണക്കുകൾ തയ്യാറാക്കിയത്. 1999 ഫെബ്രുവരി 1ന് അന്നത്തെ പോലീസ് ഡയറക്ടറായി രുന്ന പി.ബി. ഉപാധ്യായ എല്ലാ പോലീസ് കമ്മീഷണർമാർക്കും ജില്ലാ പോലീസ് ഓഫീസർമാർക്കും ഒരു രഹസ്യ സർക്കുലർ അയച്ചിരുന്നു. മുസ്ലീം സംഘടന കൾ അതിന്റെ നേതാ കന്മാർ, മതപരമായ പ്ര വർത്തനങ്ങളിൽ ഏർപ്പെടുന്ന മുസ്ലിങ്ങൾ

എന്നിവരുടെ പേരുവിവരം നല്കാനായിരുന്നു ഉത്തര വ്. ഒന്നാലോചിച്ചു നോക്കൂ നാലുകോ ടിയോളം രൂപയുണ്ടെങ്കിൽ എത്രമാത്രം ഹിന്ദുക്കൾക്ക് ജീവിത ചെലവ് എത്തി ക്കാൻ കഴിയും. ഹിന്ദുക്കളുടെ ഈ പണം മുസ്ലീങ്ങൾ ഉപയോഗിക്കുന്നത്. അവരുടെ മതത്തെ കൂടുതൽ ശക്തിപ്പെ ടുത്താനും ഹിന്ദു യുവാക്കളെ കൊല പ്പെടുത്തുന്നതിനും ചതിപ്രയോഗങ്ങളി ലൂടെ ഹിന്ദു യുവതികളെ മതം മാ റ്റാനും ബലാൽസംഗം ചെയ്യാനുമാണ്. അതുകൊണ്ട് മുസ്ലീങ്ങളുടെ കടയിൽ നിന്ന് സാധനങ്ങൾ വാങ്ങിക്കുന്നതിന് മുമ്പ് ചിന്തിക്കുക! നിങ്ങൾ നിങ്ങളുടെ ഹിന്ദു സഹോദരങ്ങളെ കൊല്ലാനും, സഹോദരിമാരെ ബലാൽസംഗം ചെയ്യാനും പരോക്ഷമായി ഈ മുസ്ലീ ങ്ങളെ സഹായിക്കുകയല്ലേ ചെയ്യുന്ന ത്. ഇങ്ങനെ പോകുന്നു ഈ ലഘുലേ

സർക്കാരിന്റെ കൂടി ഒത്താശയോടെ യാണ് ഇത്തരം ലഘുലേഖകൾ വിത മണം ചെയ്യപ്പെട്ടതെന്നും തുടർന്ന് നടന്ന കൂട്ടക്കൊലയിൽ അവർ പ്രത്യ ക്ഷമായും പരോക്ഷമായും നേ തൃത്വം നല്കിയെന്നുമറിയുമ്പോഴാണ് ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ച് കാര്യമായി നാം ചിന്തിക്കേണ്ടി വരിക. സർക്കാർ നേരിട്ടിടപെട്ട് വർഗീയകലാപം കുത്തി പ്പൊക്കുന്നത് നമ്മുടെ രാജ്യത്തെ ആദ്യ സംഭവമല്ല. 14 - ൽ നടന്ന സിഖ് കൂട്ട ക്കൊലയാണ് ഗുജറാത്തിന്റെ മുൻഗാ മി. ഏതാനും വർഷങ്ങളായി ഹിന്ദുഫാ സിസത്തിന്റെ ബീജത്തെ വളർത്തിയെ ടുക്കുന്ന ഗർഭപാത്രമായിരുന്നു. ഇന് ഇന്ത്യയിൽ ബി.ജെ.പി. ഭരിക്കുന്ന ഗുജ റാത്ത്. അതിന്റെ തുടർച്ചയാണ് ഇന്ന വർ അനുഭവിക്കുന്നത്. ഇവിടെ ആർ. എസ്.


എസ്സിനെയും ബംഗാളി നെയും വിശ്വഹിന്ദു പ രിഷത്തിനെയും സംരക്ഷിക്കുന്നതും സർക്കാർ തന്നെ. അവരുടെ തൂവലിനിടയിലെ സുരക്ഷി തമാണ് വാളും ത്രിശൂലവുമായി "ജയ്

ശ്രീറാം" വിളികളായി ഗുജറാത്തിൽ (ഇനി ഇന്ത്യയൊട്ടാകെ) പാറിക്കളിക്കു ന്നത്. നെഹ് റു അദ്ദേഹത്തിന്റെ കാലത്ത് ഹിന്ദു വിഭജനവാദികളെ കൈകാര്യം ചെയ്ത രീതിക്ക് ഇപ്പോൾ വലിയ പ്ര സക്തിയുണ്ട്. എന്നാൽ ""നടന്ന കൂട്ടക്കുരുതി ഗോദ്സംഭവ ത്തിന്റെ സ്വാഭാവിക പ്രതികരണം മാത്രം" എന്ന് പറയുവാൻ കഴിയുന്ന ഒരു മുഖ്യമന്ത്രിയെ നെഹ്റുവുമായി താരതമ്യം ചെയ്യുന്നതെങ്ങനെ?

ഗോദയിൽ സ്ത്രീകളും കുട്ടികളു മടക്കം 58 പേർ കത്തിച്ചാമ്പലായപ്പോൾ ൻ ഉണ്ടായതിനേക്കാൾ ദേശീയവികാരവും മതനിരപേക്ഷതാബോധവും തുടർന്ന് നടന്ന കൂട്ടക്കുരുതിയ്ക്ക് ശേഷമാണ് ഉണ്ടാകുന്നത് എന്ന് ചൂണ്ടിക്കാണിക്ക പ്പെടുന്നു. എന്നാൽ ഗോദയിലെ ട്രെയിൻ കത്തിക്കലും പിന്നീട് നടന്ന ""സ്വാഭാവിക തിരിച്ചടിയും തമ്മിൽ പ്രകടമായ ഒരു വ്യത്യാസമുണ്ട്. ഗോദയ്ക്ക്

പിന്നിൽ ആരാണ് ഉത്തര വാദികൾ എന്നതിനെപ്പറ്റി ഇപ്പോഴും തർക്കം നടക്കുന്നു. ക്ഷുഭിതരായ ജന ക്കൂട്ടമാണ് തീവണ്ടിയിൽ തീയിട്ടത് എന്നും അല്ല അതൊരു ഐ. എസ്. ഐ ഗൂഢാലോചന ആയിരുന്നുവെന്നും യും റിപ്പോർട്ടുകൾ കാണിക്കുന്നു. എന്നാൽ പിന്നീടുണ്ടായ കൂട്ടക്കൊലയ്ക്ക് പിന്നിലെ മതവർഗീയ വാദികളെ രാജ്യം യ് തിരിച്ചറിഞ്ഞ് കഴിഞ്ഞിട്ടുണ്ട്.

കളിക്കു ത്തിന്റെ ഇപ്പോൾ സാമുദായിക വൈര്യം ഇ ടുക എന്നത് സംഘപരിവാറിന്റെ ണ്ടയുടെ ഭാഗമാണ്. "വന്ദമാതരത്തി സ്കൂളുകളിൽ ദേശീയഗാനത്തി സ്ഥാനം നൽകണമെന്നതും ബുദ്ധാ ത്തിനെ ഇന്ത്യൻ മതമായി പരിഗണി ന്നതും ഇതിന്റെ ഭാഗം തന്നെ. ഇവരും മാതൃക, ഇന്ത്യയെ പിതൃ ഭൂമിയും പുണ്യ ഭൂമിയും ആയി കാണാ ഏതൊരാളും വിദേശിയാണെന്നും ഹിന്ദു രാഷ്ട്രത്തിന്റെ മഹത്വത്തെ ഉയർത്തിപ്പിടിക്കാത്ത ഒരാശയവും ആശ യഗതിയും അവർ വച്ചുപുലർത്തരുതെ ന്നുമാവശ്യപ്പെട്ട മാദവ് ഗോൾവാ ൾക്കറും സർവർക്കറുമൊക്കെത്തന്നെ യാണ്. വിശ്വഹിന്ദുപരിഷത്തിന്റെ പത്തു കല്പന കൾ വ്യക്തമാക്കുന്നതും ഇതു തന്നെ.





““ജയ് ശ്രീറാം, ഉണരുക! എഴുന്നേ ക! ചിന്തിക്കുക! നടപ്പിലാക്കുക. രാജ്യത്തെ രക്ഷിക്കുക! മതത്തെ രക്ഷിക്കുക!“

സാമ്പത്തിക ബഹിഷ്കരണമാണ് ഏക പരിഹാരം. അതുകൊണ്ട് ഇന്നു മുതൽ ഒരുമുസ്ലീമിന്റെ കടയിൽ നിന്ന് ഞാൻ ഒന്നും വാങ്ങുകയില്ല, ഈ ദേശീയ വിരുദ്ദരുടെ ഹോട്ടലുകളോ ഗാരേജുകളോ ഞാൻ ഉപയോഗിക്കില്ല. പൂർണ്ണ മനസ്സോടെ മുസ്ലീങ്ങൾ നായകനോ നായികയോ ആകുന്ന ചിത്രങ്ങൾ ബഹിഷ്കരിക്കുക. ഞാൻ തീവ്രമായും വോട്ടു ചെയ്യും; പക്ഷെ ഹിന്ദു രാഷ്ട്രത്തെ സംരക്ഷിക്കുമെന്ന് എനിക്കുറപ്പുള്ള ഒരാൾക്ക് മാത്രം. ഒരു മുസ്ലീം അധ്യാപകനിൽ നിന്ന് ന്ന് വിദ്യാഭ്യാസമോ പ രിശീലനമോ നേടു ണ് കയില്ല. തുടങ്ങിയവയാണ് പത്തു ക നകളിൽ ഉൾപ്പെട്ടിരിക്കുന്നത്. സാമൂഹ്യ വല്കരണത്തിന്റെയും സമൂഹശാസ്ത്ര ത്തിന്റെ നിയമങ്ങളെ ലംഘിക്കുന്ന ിൽ ഇത്തരം നടപ ടികൾ ജനങ്ങളെ നയി ണ്ട്. കുന്ത് ഭീകരമായ ഒറ്റപ്പെടലിലേക്കാണ് എന്ന് തിരിച്ചറിയുക. ഈ ആഭ്യ ന്തരയുദ്ധം തന്നെ ഇന്ത്യയുടെ നാശ ത്തിന് കാരണമാകും, അതിന് പാകി സ്ഥാനികളുടെ ബോംബോ കലാപമോ എസ്. ആവശ്യമില്ല. സംഘപ രിവാർ നടപ്പിലാക്കുന്ന തീരുമാനങ്ങൾ തന്നെയാണ്. പൊതുമ ണ്ഡലത്തെ നിയന്ത്രിക്കുന്നത്. നിഷ്ക്രി യമായി ആശയവിനിമയത്തിന് സ്വാത ന്ത്യമില്ലാത്ത അവസ്ഥയാണ് അവർ സൃഷ്ടിക്കുന്നത്. ഇത് മുമ്പിരുന്ന കോൺഗ്രസ് സർക്കാരും നടത്തിയിട്ടു ണ്ട്. അവർ രാത്രിയുടെ മറവിൽ പാത്തും പ തുങ്ങിയും ചെയ്തിരകുന്ന താണ് ഇന്ന് ബി.ജെ.പി. ഗർവ്വോടെ പകൽ വെളിച്ചത്തിൽ ചെയ്യുന്നത് എന്ന വ്യത്യാസം മാത്രം.

ഗോദ്രസംഭവത്തിനെക്കുറിച്ച് ചില സംശയങ്ങൾ ഉടലെടുക്കുന്നതാണ്. തീബോംബുകൾ പോലുള്ള മാരകായു ധങ്ങളുമായി ജനം എന്തിന് ആക്ര മണം അഴിച്ചു വിട്ടു. പെട്രോൾ ഒഴിച്ചാണ് കത്തിച്ചിരുന്നതെങ്കിൽ ബോഗിയുടെ മുകളിലെ അലുമിനിയം തകിട് എങ്ങനെ പൂർണ്ണമായും ഉരുകി ത്തീർന്നു. മരിച്ച 58 രക്ഷപെടാൻ കഴിയാത്തത് വേഗത്തി ലാണോ കോച്ച് കത്തിയത് ? ജന ത്തിന്റെ അക്രമണം നടന്നതിന് എതിർവ ശത്തുള്ള രണ്ട് വാതിലുകളും അടുത്ത കോച്ചിലേക്കുള്ള രണ്ട് വാതിലുകളുമു ണ്ടായിട്ടുപോലും എന്തുകൊണ്ട് ഇത യേറെ യാത്രക്കാർ കൊല്ലപ്പെട്ടു. സ്വതന്ത്ര അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ഈ അവസ രത്തിൽ പ്രസക്ത മാണ്. ഫെബ്രുവരി 27ന് നടന്ന ഗോദ്രസം ഭവം മാറ്റി നിർത്തിയാൽ വെറും വർഗീ യലഹളയായിരുന്നില്ല ഗുജറാത്തിൽ നടന്നത്. സർക്കാരിന്റെ സർവ്വവിധ പിന്തു ണയോടെയും ഏകപക്ഷീയമായി മുസ്ലീ ങ്ങൾക്കെതിരെയുള്ള കൂട്ടക്കൊലയായി രുന്നു. ആ സംഭവങ്ങളിൽ പ ലതും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്ന് മാത്ര മല്ല എകണ്ട പോലും തയ്യാറാക്കപ്പെട്ടില്ല.

വളരെ ആസൂത്രിതമായിരുന്നു കലാ പകാരികളുടെ ആക്രമണങ്ങൾ.കൃത്യമായിമുസ്ലീംഭവനങ്ങളുടെയും സ്ഥാപ നങ്ങളെയും മുസ്ലീങ്ങൾക്ക് പങ്കാളിത്ത മുള്ള വ്യാപാര സ്ഥാപനങ്ങളെയും ആരാധനാലയങ്ങളും ലക്ഷ്യം വച്ചുകൊ ണ്ടായിരുന്നു അക്രമണം. ഗ്യാസ്




സിലി ണ്ടറുകളും മറ്റും സുലഭമായി ഉപയോ ഗിച്ചുകൊണ്ടുള്ള ഈ അക്രമണത്തിൽ സംസ്ഥാന സർക്കാരിന്റെ പ്രത്യക്ഷവും പരോക്ഷവുമായ പിന്തുണയുണ്ടായിരു കുറ്റവാളികൾക്കും കലാപ കാരി കൾക്കും സംസ്ഥാന സർക്കാരും പോലീസും മറ്റ് ഭരണ സംവിധാന ങ്ങളും ശക്തമായ പിന്തുണ നൽകി.

ഇതൊരു തുടക്കം മാത്രമാണ്. പ്രതിക്ഷയോടെ ഉറ്റുനോക്കണമെന്നാവശ്യപ്പെട്ട ഹിന്ദുരാഷ്ട്രം" ഉടലെ ടുക്കുന്ന തിന്റെ തുടക്കം. ഇതിനെ എതിരിടാൻ നൂതന പുരോഗമന ശക്തിയുടെ സാന്നിധ്യം ആവശ്യമാണ്. ഇതിന് ചിത റിക്കിടക്കുന്ന വിവിധ സാമൂഹിക മുന്നേ റ്റങ്ങളെ ഒരുമിപ്പിക്കേണ്ടതുണ്ട്. സഹകരണ പ്രസ്ഥാനങ്ങൾ, സ്ത്രീപ്രസ്ഥാനം തുടങ്ങിയവയെ ഒരുമിച്ച് നയിക്കാൻ ശക്തിയുള്ള ഒരു രാഷ്ട്രീയപ്പാർട്ടി തന്നെയാണ് ഇവിടെയാവശ്യം. പ്രത്യയ ശാസ്ത്രപരമായും പ്രായോഗികമായും എല്ലാ സങ്കുലിത മനോഭാവങ്ങൾക്കും അപ്പുറം വളരുവാൻ ആ പാർട്ടിക്ക് കഴി യണം. അതിന് ശക്തിയും ഊർജ്ജവും കൊടുക്കേണ്ട കടമ യുവാക്കൾക്കാണ്, യുവതലമുറയ്ക്കാണ്.

തയ്യൽക്കാരനായ അച്ഛന്റെ കഴുത്തും കയ്യും അരിഞ്ഞു തള്ളുന്നത് കാണേണ്ടിവന്ന ബാലൻ ഭയാക്രാന്ത നായി ഓടി. തലങ്ങും വിലങ്ങും മൂളി വീശുന്ന വാളുകളുടേയും പന്തങ്ങളുടെയും പാതയിൽ ശരീരം പെടാതിരുന്നതു കൊണ്ടു മാത്രമവൻ റോഡി ലെത്തി – അമ്മയുടെ അംഗഭംഗം വന്ന ജഡം കാണാൻ ഭയവും ദുഃഖവും സിലി ആശങ്കയും ചേർന്നുണ്ടായ വിഭാളയും യോ ന്തിയിൽ അവൻ വീണ്ടുമോടി. ബസ്തി ത്തിൽ യിലേക്കു തന്നെ എരിഞ്ഞ വീടിനുമു മ്പിൽ അവൻ കണ്ട കാഴ്ച ഈ ജീവി തത്തിലെ അവന്റെ യാഥാർത്ഥ്യത്തെ മുഴുവൻ എന്നും പൊതിഞ്ഞു കാരി നിൽക്കും. തീ പിടിച്ച വീടിനു മുന്നിൽ മണ്ണിൽ വിവസ്ത്രയായി ബോധംകെട്ടുകിടക്കുന്ന ചേച്ചി സഫിയാബാനുവിന്റെ ദേഹത്തുനിന്നും വികൃത രതി കഴിഞ്ഞെണീക്കുന്ന ചെറുപ്പക്കാരനായ വശ്യ കർസേവകൻ. രണ്ടാഴ്ചകൂടി കഴിഞ്ഞിരുന്നെങ്കിൽ ജമാൽ പുരിലെ ഭർതൃഗ മിടാൻ ഹ ത്തിലെ ആണ്ടിയിരുന്ന തന്റെ 18-കാരി ചേച്ചി"(മാധ്യമം ലക്കം 232). ഇനിയും കൂടുതൽ മുഹമ്മദ്മാരെ സൃഷ്ടിക്കാതിരിക്കാൻ നമുക്ക് സംഘടിക്കാം,



# MUSINGS

Lincy Ann Mathew D1 Literature

A tiresome week would have me led
Into a sweet hour of nap in my bed,
On a peaceful Sunday afternoon;
This day is always a boon
When through the nearest window
Between clusters of mangoes than bow
My eyes caught a brilliant hue
Kingfishers lovely plumes of blue
On a branch of the mangotree
They stood, a pair, so free
Free of haunting of any woe
Free of taunting by any foe
Lay wondered in admiration
Such ccalm and beauty in creation?!
Such gay and joy in earth
Where hearts burn like in hearth?!

These dumb ones return to nature
All its life, slaughter, we so mature
All our outer shell to varnish
Day by day our soul we tarnish
As I watched the serene kingfishers
My soul found them great relishers
For a moment I wished their kinship
Atleast I would have their friendship
They build castles never in the air
They know the place is not so fair
We build our castles in the air
And never once seem to care
All our dreams end as dreams
And finally flow down the streams
Alas! the kingfishers flew away
My musings stumbled on the way.

# ഇടവേള

**ലിൻസി ആൻ മാത്യു**
ഒന്നാം വർഷ ആംഗലേയസാഹിത്യം

നൊമ്പരങ്ങൾക്കും
നെടുവീർപ്പുകൾക്കും
ഒരു ഇടവേള
ഈ റോക്കറ്റ് വിക്ഷേപണം മേലേ
മേഘങ്ങൾക്കുമപ്പുറം ശൂന്യാകാശം
ഹായ് എന്തുഭംഗി എവിടെ ശൂന്യത
ആയിരമായിരം സൂര്യന്മാർ ചന്ദ്രന്മാരും
കോടാനുകോടി ഗോളങ്ങൾ
നക്ഷത്രങ്ങളും അലങ്കരിക്കുന്ന
ഈ അനന്തനീലിമയിൽ ക്ഷണത്തിൽ
ഒരു നക്ഷത്രമായ് മാറി,
നക്ഷത്രക്കൂട്ടങ്ങൾക്കൊപ്പം
ഞാനും തിളങ്ങി.
എങ്കിലും, ഉള്ളിലെവിടെയോ
ഉരുൾപൊട്ടലുകൾ പേമാരികൾ
അവയ്ക്ക് കണക്കില്ല ബ്രേക്കുമില്ല
സ്വപ്നങ്ങൾക്കും യാഥാർത്ഥ്യങ്ങൾക്കും
ഇടയിൽ ഞാൻ ഞെളിപിരികൊള്ളുന്നു
ഏതിനെ പുണരേണം ഏതിനെ തഴയേണം
ഏതിനും അവകാശമില്ലെന്നതു സത്യം
അനന്തനീലിമയും നക്ഷത്രക്കൂട്ടങ്ങളും
മാടിവിളിക്കുന്നു എന്നെ താഴെ,
ഭൂമിയുടെ മുതലച്ചിരി
ഒരു യാത്ര അയപ്പിനു കാത്തുനില്ക്കാതെ
ആ ഇടവേളയ്ക്കു ശേഷം
മേഘങ്ങൾക്കു കീഴെ ഈ താഴ്‌വരയിൽ






# ഭീകരവാദത്തിന്റെ വഴികളും സമാധാനവും

മോഹൻ സുമേഷ് ശർമ്മ
രണ്ടാം വർഷ ജന്തുശാസ്ത്രം

മനുഷ്യ മനസ്സിന് അതിന്റെ ഉയ സ്വഭാവം വിച്ഛേദിക്കുമ്പോൾ കിട്ടുന്ന തായ ഒരു തൻ ഭാവം ഉണ്ട്. അതിൽ വളരെ പ്രധാനമായ ഒരു ഘടകമാണ് തനിക്ക് എന്തു കിട്ടുന്നു; എങ്ങിനെ കിട്ടുന്നു. എവിടുന്നു കിട്ടുന്നു എന്നുള്ളത്. ആഗോള കാൻസറായി ഇന്ന് ഭീകരവാദവും മതമൗലികവാദവും ഗ്രസിക്കുന്ന ഈ അവസരത്തിൽ നാം ഈ മൂന്നു ചോദ്യങ്ങൾക്ക് പ്രാധാന്യം കല്പിക്കേണ്ടിയിരിക്കുന്നു. ലോകമെ പാടുമുള്ള തീവ്രവാദ പ്രസ്ഥാനങ്ങ ളെല്ലാം തന്നെ ഉടലെടുക്കുന്നത് അടി സ്ഥാനപരമായി ഈ മൂന്ന് ചോദ്യങ്ങളെ അവതരിപ്പിച്ചു കൊണ്ടാ യിരിക്കും. സാമ്പത്തികവും പ്രാദേശിക വും, രാഷ്ട്രീയവും, സാമൂഹികവുമായ ലക്ഷ്യങ്ങൾ സ്ഥാപിക്കുന്നതിന്, തീവ വാദ ശക്തികൾ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നത്.

ഇന്ന് ലോകം സെപ്റ്റംബർ 11നും ഡിസംബർ 13നും മറ്റും സാക്ഷ്യം വഹിച്ച തീവ്രവാദ അക്ര മണങ്ങൾക്കു ശേഷം പുതിയ ഒരു സുരക്ഷിതത്വ വലയം സൃഷ്ടിച്ചെടുക്കുന്നതിനു വെമ്പൽ കൊള്ളുന്ന അവസരത്തിൽ, ചിന്തിക്കപ്പെടുവാനും കണ്ടെത്തുവാനും ധാരാളം വസ്തുതകൾ നിലനിൽക്കുന്ന അനുയോജ്യമായ ഒരു പ്രശ്നമായി ഉയർന്നു
വരുന്നു. ഈ അക്രമണങ്ങൾ ലോകത്ത് സുരക്ഷിതമെങ്കിൽ തങ്ങ ളുടെ നാടുമാത്രമേ സുരക്ഷിതമായിരു ന്നുള്ളു എന്നു കരുതിയിരുന്നതും അതിൽ അല്പമെങ്കിലും അഹങ്കരിച്ചി രുന്നതുമായ അമേരിക്കയെ പോലും അസ്ഥാളിപ്പിക്കുകയുണ്ടായി. തത്ഫല മായി ലോക രാഷ്ട്രീയത്തെ തന്നെ മാറ്റി മറിക്കുന്ന തരത്തിലുള്ള പല സംഭ വി കാ സ ങ്ങൾ നടക്കുകയും ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയു മാണല്ലോ? ഈ സംഭവങ്ങളെല്ലാം ? തന്നെ ഏതൊരു പുതിയ വ്യവസ്ഥിതി യിലേക്കോ, നയപരിപാടിയിലേക്കുമാണ് 21-ാം നൂറ്റാണ്ടിനെ തേരോടിച്ചുകൊണ്ട് പോകുന്നത് എന്ന് വരും നാളുകൾ സാക്ഷ്യം കുറിക്കും.

ലോകത്തെമ്പാടും തീവ്രവാദത്തെ വ്യാഖ്യാനിക്കുവാൻശ്രമംനടന്നിട്ടുണ്ട്.ഭാരതത്തിന്റെ പിതാവായ മഹാത്മാ ഗാന്ധി ഒരിക്കൽ പറഞ്ഞത് തീവ്രവാദം അശക്തന്മാരുടെ ആയുധമാണ് എന്നാ ണ്. ലീഗ് ഓഫ് നേഷൻസ് 1934-ൽ തീവ്രവാദത്തെ അടിസ്ഥാനപ്പെടുത്തി നടത്തിയ സമ്മേളനത്തിൽ

വ്യക്തമാക്കി യത് ഏതെങ്കിലും വ്യക്തിയോ അതോ സമൂഹമോ തങ്ങളുടെ നിക്ഷിപ്തമായ താല്പര്യങ്ങൾ സംരക്ഷിക്കുവാനോ അതോ നേടിയെടുക്കുവാനോ അക്രമ ത്തിന്റെയും നശീകരണത്തിന്റെയും

ആയ മാർഗങ്ങൾ സ്വായത്തമാക്കുന്ന പ്രക്രിയയാണ്. ഇപ്രകാരം നടന്നിട്ടുള്ള പല വ്യാഖ്യാനങ്ങളിൽ നിന്നും അടി സ്ഥാനപരമായി നാം മനസ്സിലാക്കുന്നത് തീവ്രവാദത്തിന്റെ ലക്ഷ്യം പവിത്രമെ ങ്കിലും മാർഗം പങ്കിലവും കളങ്കവുമാണ് എന്നാണ്.

തീവ്രവാദശക്തികൾ പല തരത്തിൽ അക്രമത്തിന്റെ പാത കൈക്കൊള്ളുന്നു. സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് സ്ഫോടനം നടത്തുക, തോക്കുകൾ ഉപയോഗിച്ച് നിറയൊഴിക്കുക, പൊതു സ്ഥാപ നങ്ങളും സ്വകാര്യ സ്ഥാപന ങ്ങളും നശിപ്പിക്കുക, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കുക വ്യക്തികളെ തട്ടിക്കൊണ്ടു പോവുക. ഇങ്ങനെ പല ഉപാധികളും തീവ്രവാദ ഗ്രൂപ്പുകൾ സ്വായത്ത മാക്കാറുണ്ട്.

തീവ്രവാദം പല തരത്തിൽ ഉണ്ട്. പ്രധാനമായും തീവ്രവാദത്തെ തരംതി രിക്കാൻ കഴിയുന്നത് ഇപ്ര കാരമാണ്. അടിച്ചമർത്തൽ തീവ്രവാദം പ്രതിരോധ തീവ്രവാദം അക്രമണ തീവ്രവാദം അടിച്ചമർത്തൽ തീവ്രവാദത്തിൽ ഏതൊരു വിഭാഗത്തിന്റെയോ, പ്ര ദേശത്തിന്റെയോ, വ്യക്തിയുടേയോ മേലാണോ തീവ്രവാദ ശക്തിക്ക് ആധിപത്യം നിലനിൽക്കുന്നത്. അവയ്ക്ക് ഒരു കാരണവശാലും മോചനം നൽകുവാൻ

ഈ ശക്തികൾ അനുവദിക്കുന്നില്ല. നേരെ മറിച്ച് പ്രതിരോധ തീവ്രവാദത്തിൽ തീവ്രവാദ ശക്തികൾ തങ്ങൾക്ക് തങ്ങളുടെ ശക്തിക്കുമേൽ യാതൊരു ശക്തിയുടെയും കടന്നാക്രമണം അനു വദിക്കുന്നില്ല. അവർ എപ്പോഴും തങ്ങ ളുടെ മേഖലയേയും ശക്തിയേയും നില നിന്നു കാണുവാൻ താത്പ ര്യം കാട്ടുന്നു. ആക്രമണപരമായ തീവ്രവാദത്തിൽ തീവ്രവാദ ശക്തികൾ തങ്ങളുടെ ലക്ഷ്യ ങ്ങൾ തങ്ങളുടെ അവകാശങ്ങൾ, തങ്ങൾക്കു നേരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങൾ അന്യായങ്ങൾ തുടങ്ങിയ വയ്ക്ക് പകരം വീട്ടുന്ന തരത്തിലുള്ള തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെ ടുന്നു.

ലോകത്ത് ഇന്ന് നടന്നുകൊണ്ടിരി ക്കുന്ന തീവ്രവാദ പ്രവർത്തനങ്ങൾ ഈ മൂന്ന് ഗണങ്ങളിൽ പെ ടുത്താം. ഈ തീവ്രവാദ പ്രവർത്തനങ്ങളുടെ പല തര ത്തിലുള്ള ആവിഷ്കാരമാണ് നാം ഇന്നു സാക്ഷ്യം വഹിക്കുന്ന മത തീവ്രവാദവും, സാംസ്കാരിക തീവ്രവാദവും, സാമ്പത്തിക തീവ്രവാദവും, സാമുദാ യിക വർഗീയ തീവ്രവാദവും മറ്റും മറ്റും. ആധുനിക ലോകത്തിന്റെ ഘടനാപര മായ അവസ്ഥയിൽ തങ്ങളുടേതായ താത്പര്യങ്ങൾക്കു വേണ്ടി ഈ ശക്തി കൾ നിലനിൽക്കുന്നു എന്നു മാത്രം.

അവകാശനിഷേധവും, അതിക്രമ ങ്ങളും അന്യായവും മറ്റുമാണ് തീവ്രവാ ദത്തിന്റെ എന്നും കാരണങ്ങളായി ഭവിച്ചിപരിക്കുന്നത്. ആധുനിക ലോക വ്യവസ്ഥിതിയിൽ ലോകത്ത് ആഗോള വത്കരണവും, അതിന്റെ പുതിയ സാധ്യ തകളും, കോട്ടങ്ങളും ലോക ജനത യുടെ മുൻപിൽ അവതരിപ്പിക്കുന്നതായ വെല്ലുവിളികൾ തികച്ചും ഭീഷണി ഉയർത്തുന്നതായ ഒരു സാഹചര്യത്തെ ഇന്ന് ലോകജനതയുടെ മുൻപിൽ തരിപ്പിക്കുന്നു. തത്ഫലമായി നിഷേവും, അധിക്ഷേപവും ഉണ്ടാകുമ്പോൾ വ്യക്തിയോ, സമൂഹമോ തീവ്രവാദ ത്തിന്റെ ഉൾച്ചുഴികളേലേക്ക് നയിക്കപ്പെടുനുള്ള സാധ്യത തള്ളിക്കളയാനാക ന്നതല്ല.

ഇന്ന് അഫ് ഗാനിസ്ഥാനിലും പശ്ചിമേഷ്യയിലും സംഭവിക്കുന്നതായ തീവ്രവാദ അക്രമണങ്ങൾ തങ്ങളുടെ മേൽ ഏതെങ്കിലും ആഗോള സേച്ഛാ ധിപത്യ ശക്തി ചെലുത്തുന്ന താ സ്വാധീനവും വെല്ലുവിളികളുമാണ ങ്കിൽ അവ ഒരിക്കലും നിഷേധിക്കാവു ന്നവയല്ല. മറിച്ച് തങ്ങളുടെ മതത്തി ന്റെയോ സംസ്കാരത്തിന്റെയോ തണ ലിൽ പ്രവർത്തിച്ചുകൊണ്ട് ഈ ലോക ത്തിന്റെ വൈവിധ്യത്തെയും, നാനാത്വ മുള്ള സംസ്കാരങ്ങളെയും, പുരോഗതി യെയും മറ്റും തകർക്കുവാനും ലോക ത്തിന്റെ സമാധാന മെന്നുമുള്ളത് തങ്ങൾ മാത്രം നിശ്ചയിക്കേണ്ട ഒന്നാ ണെന്നുമുള്ള അഹങ്കാരമാണെങ്കിൽ അതും അനുവദിക്കാവുന്നതല്ല.

ആധുനിക ലോകത്തിൽ സംസ്കരവും മതവും മറ്റും കമ്പോളവത്കരിക്കപ്പെടുന്നുണ്ടെങ്കിൽ അതും തീവ്രവാദ ത്തിന്റെ മുഖമായി കാണാവുന്നതേയു ള്ളു. ചരിത്രവും, കലയും, സംസ്ക രവും ഏതെങ്കിലും ഒരു ദേശത്ത ന്റെയോ സമൂഹത്തിന്റെയോ മറ്റും സത്ത്വത്തെ നിശ്ചയിക്കുകയും അതിന് നിന്ന് നേരെ മറിച്ച് സാമ്പത്തികവും രാഷ്ട്രീയവും, സാമുദായികവും മാ മായ താല്പര്യങ്ങൾക്കു വേണ്ടി ബല കഴിക്കപ്പെടുകയോ വികൃതമാക്ക ചെയ്യപ്പെടു



ന്നുണ്ടെങ്കി അവിടെ അവയുടെ കമ്പോളവത്ക ണവും വ്യവസായ വത്കരണവും നാം കാണണം.

നിന്നും വളരെയധികം അകന്നു പോയിരിക്കുന്നു. ഈ അകൽച്ച ഇവിടെ തീവ വാദ പ്രവർത്തനങ്ങൾക്ക് വഴിയൊരകു

മുകളിൽ പ്രസ്താവിച്ച വാക്കും പ്രവർത്തിയും തമ്മിലുള്ള അകലം കുറയേണ്ടിയിരിക്കുന്നു. അപ്പോൾ സംസ്കാരവും മതവും, കലയും മറ്റും മനുഷ്യന്റെ നന്മയ്ക്കുള്ള പ്രകാശം കിനിയുന്ന നക്ഷത്രങ്ങളും ഗോപുരങ്ങളുമായി മാറും. അവ ലോകശാന്തിക്കും സമാധാനത്തിനും തിരിതെളിക്കും.

തീവ്രവാദ പ്രവർത്തനങ്ങൾ ഏതു തരമായാലും അവ എന്നും കുറ്റപ്പെടു ത്തേണ്ടതു തന്നെയാണ്. സർക്കാരും സ്ഥാപനങ്ങളും മറ്റും അതിനായി എന്നും നിലനിൽക്കണം; സുരക്ഷി തത്വം ഉറപ്പാക്കണം, അവർ മറ്റ് സംഘ ടനകളോടും ഏജൻസികളോടും സഹ കരിച്ച് തീവ്രവാദത്തിനെതിരായി ജനസ മൂഹത്തെ ബോധവത്കരിക്കണം. ബോധവത്കരണം തീവ്രവാദത്തെ അതിനിന്ദ്യമായി ചിത്രീകരിക്കണം. പുതിയ തലമുറ വളർന്നു വരേണ്ടതിങ്ങ നെയുള്ള പ്രവർത്തനങ്ങളുടെ ഘോഷ യാത്രകളും മറ്റും കണ്ടുകൊണ്ടായിരി ക്കണം.

സുരക്ഷ ഉറപ്പാക്കാൻ സർക്കാർ ബാധ്യസ്ഥനാണ്. അല്ലാത്തപക്ഷം ജന ങ്ങളോടുള്ള അധർമ്മത്തിന്റെ ഒന്നാം പടിയായിരിക്കും അത്. സുരക്ഷാ ഏജൻസികൾ തങ്ങളുടെ ജോലികൾ കുറ്റമറ്റ രീതിയിൽ ഉറപ്പാക്കുകയും വേണം. അവരെ കാലത്തിനനുസൃത മായ പുരോഗമന നടപ ടികളിലൂടെ ഉയർത്തുകയും സുശക്തമാക്കുകയും വേണം. പ്രതിരോധത്തിന്റെ മനക്കരുത്തു കെടുത്തുന്നതായ നടപടികളും പ്രവർത്തനങ്ങളും അവസാനിക്കണം. അത് ആത്മാഭിമാനവും, ആത്മധൈ രവ്യം പ്രധാനം ചെയ്യുന്ന ഒന്നായി മാറ ണം.

മറ്റൊരു പ്രധാന ആവശ്യമാണ് സമാ ധാനത്തിനായി യത്നിക്കുന്നവരുടെയും ആഗ്രഹിക്കുന്നവരുടെയും വാക്കുകൾക്ക് ചെവികൊടുക്കുക എന്നത്. തീവ്രവാദം ആണെങ്കിലും അവർ സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ അവർക്ക് അതിനുള്ള അവസരം നൽകുവാൻ നാം പ്രതിബദ്ധരാണ്. അതിനായി നാം അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തി വേദികൾക്ക് രൂപം കൊടുക്കേണ്ടിയിരിക്കു ന്നു. അവ ?

ചർച്ചയുടെ രൂപത്തിലോ അഭിപ്രായ വോട്ടെടുപ്പിന്റെ രൂപത്തിലോ ഒക്കെയാ വാം. ഏതായാലും അതിനുള്ള ഇച്ഛാ ശക്തി ഏതൊരു പ്രസ്ഥാന മായാലും പ്രകടമാക്കേണ്ടതാണ്. അതിലൂടെ ഒരു പുലരി നൽകുവാൻ സാധിക്കുന്നത് ഒരു പ ക്ഷേ ഏല്പമെങ്കിലും സമാധാനത്തി ന്റെയാവാം. അതിനായി രാഷ്ട്രീയവും കക്ഷിപരവുമായ താത്പ ര്യങ്ങൾ ഒരു പക്ഷേ ത്യജിക്കേണ്ടി വന്നേക്കാം.

ഏതായാലും തീവ്രവാദം ഈ ലോകത്തിന് സമ്മാനിക്കുന്നത് രക്തച്ചൊരിച്ചിലുകളിലൂടെ യും നേടി യെടുത്തു സ്വാതന്ത്ര്യമായിരിക്കും, സൗഖ്യമായിരിക്കും.

ആ സ്വാതന്ത്ര്യം ഒരിക്കലും പൂർണ്ണത അർഹിക്കുന്നില്ല. അതിൽ ജനക്കൂട്ടത്തിന്റെ തീരാന ഷ്ടങ്ങളുടെ മുള്ളുകൾ നമ്മെ ഉടക്കി നോവിക്കും.



# തലക്കെട്ട് നിങ്ങൾക്കൊരു....

ജോലി എന്നല്ല നമ്മൾക്കൊരു ജോലി എന്നാകേണ്ടതാണ് തെറ്റുതിരുത്തുന്നു. ബി. എസ്.സി. അവസാന വർഷം പഠി ക്കുന്നവൻ ജോലിയെപ്പറ്റി ചിന്തിക്കുന്ന തിൽ തെറ്റില്ലല്ലോ? പക്ഷെ എന്തു ചെയ്യാം ഇക്കാലത്ത് ഒരു ഡിഗ്രി വെറു മൊരു ഡിഗ്രി മാത്രം. പ്രയോജനമില്ലാത്ത വെറും കടലാസു കക്ഷണം. പണ്ട് പണ്ട് മാവേലിയുടെ കാലം കഴിഞ്ഞ് എന്റെ വല്യപ്പച്ചൻ പ റയുന്നൊരു കാലമുണ്ടായിരുന്നു (അന്ന് സി. എം. എസ്. വെറുമൊരു ഇന്റർമീഡി യേറ്റ് കലാശാലയ ായിരുന്നു) ഇന്റർമീഡിയേറ്റ് കഴിഞ്ഞപ്പോൾ തന്നെ വല്ല്യപ്പച്ചനെത്തേടി ജോലിയെത്തിപോലും. അതു പഴങ്കഥ. അടുത്ത നാളിൽഏതാണ്ട് എട്ട് വർഷം മുമ്പ് എന്റെ ലി കസിൻ എം.ബി.എ. കഴിഞ്ഞപ്പോൾ അയാളെത്തേടിയും ജോലിയെത്തി. അതു ചരിത്രം. പക്ഷെ ഇന്നോ? എം.എ, എം.എസ്.സി. പാസാകാത്തവരാരെ ങ്കിലും നാട്ടിലുണ്ടോ? ങആഅ ഡിഗ്രി വറും ഓഫ് ക്യാംപസായി വാങ്ങാം. കടല വാങ്ങിയ്ക്കും പോലെ. പക്ഷെ കടല കൊറിക്ക ാനെങ്കിലും കൊള്ളാം. എന്നാൽ M.B.Aയോ? തലയണക്കീ ഴിൽ വച്ച് നീണ്ടു നിവർന്ന് കിടന്ന് സ്വപ്നം കാണാം. നമ്മുടെ പുതിയ തലമുറയ്ക്ക് എല്ലാ ഗവൺമെന്റ് ജോലി കളും അന്യാധീന പ്പെട്ടുകൊണ്ടിരിക്കു Privatisation, Globalisation തുടങ്ങി പി.എസ്.സികൾ പിരിച്ചുവിടപ്പെടുന്നു. എംപ്ലോയ്മെന്റ്


ഓഫീസുകൾ പൂട്ടപ്പെടുന്നു. കെ.എസ്. ആർ.ടി.സി. യിലെ കണ്ടക്ടർ ജോലി പോലും സ്വപ്നം വെയ്റ്റിംഗ് ലിസ്റ്റിൽ ആയിരവും പതി നായിരവും കാത്ത് നിൽക്കുന്നു. പാലാ ക്കാരൻ ഡ്രൈവറെ ഓർത്ത് അസൂയ പ്പെടാം. (ഡവർ പ്രയോഗത്തിന് വി. കെ.എൻ. നോട് കടപ്പാട്) പുള്ളിയുടെ ചക്കി കണ്ടക്ടറായി കൂടെ ഓടുന്നു. ഭാര്യയുടെ നിർദ്ദേശമനുസരിച്ചെല്ലാം നടക്കുന്നു.

വീട്ടിലും ഭാര്യ ഒരു ഡബിൾബെൽ കൊടുത്താൽ എല്ലാം സ്പീഡിലാകും. ഹൊ! എന്തൊരു സൗകര്യം.

Nationalise ചെയ്യാത്ത റൂട്ടുകളി ലൊരു കിളിപെ ാലുമാവാൻ ഈ യുവ തലമുറയ്ക്കാകില്ല. +2 കാരനെപ്പോലെ യൂണിഫോമിട്ട് കിളികൾ ഇനിമേൽ ഫുട് ബോ ഡിൽ ചിറ കൊ രുക്കി നിൽക്കും. പ ണ്ട് പാവാടകളുടേയും സാരികളുടേയും ഇടയിൽ ചിറകുവിരിച്ച് കൊക്കി പറന്നിരുന്ന ഒരു നല്ല കാല മോർത്ത് കുട്ടികൾ ഉണ്ടാക്കി വിടുന്ന കടലാസ്സു പറവകൾ കാറ്റത്തുലഞ്ഞ് മൂക്കുകുത്തി വീഴുന്നതുപോലെ കിളി കൾ ബസ്സ് നിൽക്കും മുൻപേ ചാടി വീണോടുന്ന കാഴ്ച പുതിയ തലമുറ....

പഞ്ചാബിലെ പി. എസ്. സി. ചെയർമാനെ പോലെ യാരെങ്കിലും കേരളാ പി.എസ്.സി. ചെയർമാനായി വന്നിരുന്നെങ്കിൽ കിടപ്പാടം എഴുതി വിറ്റി ട്ടായാലും വേണ്ടില്ലസബ്കളക്ടർആയിജോലിതേടാമായിരുന്നു. എന്നും കോളേജിലേക്ക് സ്റ്റേറ്റ് കാറിൽ ഒന്ന് ചെത്തി വരാമായിരുന്നു. അപ്പോൾ ചൂള ച്ചുവടുക ൾക്കിടയിലൂടെ യുവമിഥുനങ്ങ ളെത്തേടി നടക്കുന്ന വാല്മീകിയുടെ സൃഷ്ടിയല്ലാത്ത ആ വേട്ടക്കാരനെ മീശമാധവനെ കുടുംബത്തിൽ പിറ ആ വദ്യ പ യോധികനെ സബ്കളക്ടറുടെ മീശകാണിച്ചൊന്നു വിരട്ടാം. പിന്നീടൊരു വിജിലൻസ് കമ്മീ ഷണറോ, എ.സി.യോ ആയി വന്ന് താമ സിച്ച് വരുന്ന അദ്ധ്യാപകരെ പ്രിൻസി പ്പലിന്റെ മുറിയിലേക്ക് വിളിച്ചു വരു ത്താം. പണ്ട് കോമ്പസിഷൻ ബുക്കും റീഡ്ബുക്കുമായി ചെന്നപ്പോൾ നമ്മളെ യൊക്കെ എത്ര നടത്തിയതാണ ന്നോർക്കുക. അച്ചടക്കമില്ലാതെ വരാന്ത യിൽ കലപില കൂട്ടുന്നവരെ ചുപ്ഹോ എന്നലറി നിശബ്ദരാക്കാം. പ ണ്ട് എൻ.സി.സി.യിൽ അല്പനാൾ ചവിട്ടിയ തിന്റെ പ്രയോജനം ഇംഗ്ലീഷും മലയാ ളവും അറിയാവുന്ന യു.ജി.സി-ക്കാർക്ക് അറിവില്ലാത്തത് രാഷ്ട്രഭാഷ മാത്രം. (except Hindi dept)

ഇതെല്ലാം ഭാവന. സത്യം എത്രയോ അകലെയാണ്. നമ്മുടെ രക്ഷകനെ വിടെ? തീഹാർ ജയിലിൽ അഴഇയെണ്ണി ക്കിടക്കുകയാണയാൾ. കഴുകന്റെ കണ്ണു കളുമായി നടക്കുന്ന ആ വേട്ടക്കാരൻ ക വീഝൃ രൗഭ ചെയ്ത എന്നെ ഇതാ കണ്ടു പിടിച്ചിരിക്കുന്നു. ഏതായാലും പുള്ളിയും എന്നെ ഉപേക്ഷിച്ചിട്ടാ. ഭാഗ്യം. എന്തായാലും ശല്യം ഇനി മൂന്നാലു മാസത്തേയ്ക്ക് കൂടിയല്ലേ ഉള്ളൂ എന്നാശ ്വസിച്ചിരിക്കാം. അയ്യോ! മൂന്നാലുമാസത്തിനകം ഈ



ചൂളമരങ്ങ ളോടും പുൽത്തകിടികളോടും ഗാനമേള എന്റെ സ്നേഹം നിറഞ്ഞ സതീർത്ഥ്യരോടും വിടപ റയണമെന്നോ? അയ്യോ! എനിക്ക തോർക്കാൻ വയ്യ. ഓഫീസിൽ എന്നും കാണുന്ന ഉറക്കം നടിച്ചിരിക്കുന്ന മത്തായി സാറും. സുസ്മേരവദനനായീ.

ജയിംസ് സാറും, നാട്ടുവിശേഷങ്ങൾ ചോദിക്കുന്ന പാപ്പച്ചായനും, ശരീരം പോലെ തന്നെ വലിയ സ്നേ ഹം മന സ്സിൽ നിറച്ച വർഗ്ഗീസ് സാറും എന്താടാ ഇന്നത്തെ പരിപാടി എന്നു റക്കെ ചോദിക്കുന്ന ബോബിച്ചായ നും.... ഹൊ! ഇവരോടെല്ലാം വിടപ റയ ണമെന്നോ?
നിന്നെയൊക്കെ നന്നാക്കിയേ ഞാന ടങ്ങൂ എന്ന് പ്രതിജ്ഞയെടുത്ത സ്നേഹമയിയായ ക്ലാസ്ടീച്ചർ വീണ്ടും , വീണ്ടും പറയുന്നു നന്നായി പഠിക്കണ മെന്ന്. നന്നായി പഠിച്ചാൽ M.Phil ലും 1 PHD 20 U.G.C | കോളേജ് ലെക്ചർ ആക്കാമെന്ന്. പിന്നെ മറ്റൊരു യു.ജി.സി.യെ തന്നെ കല്യാണം കഴിച്ച് (ആ ഭാഗ്യം ഉണ്ടോ ആവോ?) സുഖമായി കഴിയാമെന്ന് പിന്നെ ജോൺ സാറിനെപ്പോലെ ശാസ്ത്രം തോളിലെ സഞ്ചിയിലിട്ട് ആശയത്തിലൊരു Rebel ആയി മറ്റൊരു നവാബായി വിലസാം. അല്ലെങ്കിൽ ഉരു ട്ടുകയും സ്വയം ഉരുളുകയും ചെയ്യുന്ന ചിലരാവാം. അതുമല്ലെങ്കിൽ വിദ്യാർത്ഥകളെ കൂട്ടു ലെ കരുതുകയും അവരോട് വർഗ്ഗീയ സാമൂഹിക വിഷയങ്ങൾ സംസാരിച്ചും നല്ല അദ്ധ്യാപ ക നെന്ന് പേരെടുത്തൊരു വർഗ്ഗീസ് സം കാം. അല്ലെങ്കിൽ നന്നായി പ്പിച്ച് നന്നായി മുദ്രാവാക്യം

വിളിച്ച് രാജഗോപാലസാറുമാകാം. അല്ലെങ്കിൽ ഈഡിപ്പസിനെപ്പറ്റി ചിന്തിച്ച് സോ ട്ടീസ് ചമഞ്ഞ് നടക്കുന്ന ജോർജ്ജ് വി സാറിനെപ്പോലൊരു സ്വപ്നാടകന കാം. അതുമല്ലെങ്കിൽ ചിരിച്ചുകൊണ്ട് കത്തി വെക്കുന്ന ഒരു ഡേവിഡ് സാർ ആകാം. അല്ലെങ്കിൽ ഫിലിപ്പ് സാറിനെ പ്പോലെ കളിക്കാതെ കളിപ്പിക്കാം. അല്ലെങ്കിൽ ശാമുവേലൂട്ടി കോളേജി ന്റെയും, സായിപ്പന്മാരുടേയും ചരിത്ര മെഴുതി വാ ല്മീകത്തിലൊരുങ്ങാം. അല്ലെങ്കിൽ ചേരാത്ത വള്ളി (ശശി സാരിനെപ്പോലെ റിട്ടയർ ചെയ്യുന്ന അദ്ധ്യാപ കരെക്കുറിച്ച് സ്തുതിഗീതങ്ങ ളെഴുതി ഒരാസ്ഥാന കവിയാകാം. അല്ലെങ്കിൽ മൂത്രപ്പുരയുടെ മൂല യ്ക്കൊരു മുറിയിൽ ഒറ്റയ്ക്കൊരു സിംഹാസന മൊരുക്കി എല്ലാത്തി ന്റേയും മേൽനോട്ടം വഹിച്ച് ഏകാകി യായിരിക്കണം. ലങ്കയിലെത്തിയ സീത യെപ്പോലെ, പക്ഷെ അതിനെല്ലാം എം എസ്.സി.യും മറ്റും പാസ്സാകണം. എം എസ്.സി.യ്ക്ക് അഡ്മിഷൻ വേണമെ ങ്കിൽത്തന്നെ ബി.എസ്.സി.യ്ക്ക് നല്ല മാർക്കുവേണം, ചില്ലറ മാർക്കൊന്നും പോര. ഇപ്പോൾ ബി.എസ്.സിക്കൊ എസ്.സി.യും മറ്റും പാസ്സ് നല്ല മാർക്കുവേണം, ചില്ലറ മാർക്കൊന്നും പോര. ഇപ്പോൾ ബി.എസ്.സിക്കൊ ഡ്മിഷൻ കിട്ടാൻ റിസൾട്ട് നോക്കി രിസേർച്ച് ചെയ്യുന്ന ചില ബന്ധുക്കളെ നിക്കുണ്ട്. തേർഡ് ക്ലാസ് കുറവാണെന്ന് സെക്കന്റ് ക്ലാസ് ഇല്ലപോലും (അതെ പ്പിച്ചെടുക്കുന്നതിന്റെ പാടെന്തെന്നെനി ക്കറിയാം) കൂടാതെ യൂണിവേഴ്സിറ്റി മാർക്ക് കണ്ടമാനം കൊടുക്കുന്നു. അങ്ങനെ പലതും അദ്ദേഹം കണ്ടുപി ടിച്ചിരുന്നു. കുട്ടികൾ സമർത്ഥരാണെന്ന് അവർ നന്നായി പഠിക്കുന്നു. അതിനാൽ ഫസ്റ്റ്ക്ലാസിൽ ജയിക്കുന്നു, അത്രമാ പണ്ടൊക്കെ സെക്കന്റ് ക്ലാസ് വാങ്ങി ഷൈൻ ചെയ്തു നടന്നൊരു തലമുറയെയോർത്ത് നമുക്കസൂയപ്പെടാം. എന്നാൽ ആഗ്രഹങ്ങളൊക്കെ നടന്നാലോ യു.ജി സി. വാദ്യാരായി. ഡി.ഡി., ഡി.സി. ഓഫീസുകളുടെ വരാന്തകളിലിരുന്ന് മുദ്രാ വാക്യം വിളിക്കാം. പിന്നെ പെൻഷ വേണ്ടി ട്രഷറി വരാന്തകൾ നിരങ്ങൾ പണ്ട് സ്കൂളുകളിൽ നിന്ന് കോളേജലു കളിലേയ്ക്കാണ് അദ്ധ്യാപകർ പോയ തെങ്കിൽ ഇപ്പോൾ കോളേജിൽ നിന്ന് സ്കൂളുകളിലേക്കാണ് യാത്ര. നമ്മുടെ കാലത്ത് ആശാൻ പള്ളിക്കൂട ത്തിലേക്കാവും യാത്ര.

എന്നാൽ ഒരു ജോലിയുമില്ലാത്ത കാലമില്ലത്. സീരിയലുകളുടെ കാലമാ ണിത്. ഒരു മനുഷ്യായുസ്സു മുഴുവൻ കഥയെഴുതാം. നീണ്ട്..... നീണ്ടകൾ. അന്ത്യമില്ലാത്ത കഥകൾ.

തങ്കച്ചാ

തങ്കമ്മേ വേണോ? അതോ ഈ മോഡലിൽ

കറുത്തമ്മേ

എന്താ കൊച്ചുമുതലാളിക്ക മോഡലിൽ വേണോ എന്നോ തീരുമാ നിക്കേണ്ട. ഒശഴവ രീതിയിലാണെങ്കിൽ അല്പം English literature ഒക്കെ വായി ക്കണം. അമേരിക്കയിൽ നിന്നും നേരിട്ട് ഇറക്കുമതി ചെയ്യുന്നതാണുത്തമം. പിന്നെയെല്ലാം കോപ്പിയടി. കേട്ടില്ലേ നമ്മുടെ വാസുവിന്റെ (എം.ടി) കോപ്പിയടികഥ. അതു കണ്ടുപിടിയ്ക്കാനൊരു ദേവൻ തന്നെ വേണ്ടി വന്നു. നമ്മുടെ അബ്ദുള്ളകുഞ്ഞിനും ഈയസുഖമുണ്ട്. പണ്ട് കപ്പൽ യാത്രയെപ്പറ്റിയെഴു തിയപ്പോൾ അത് ടാഗോറിന്റെ അനു ഭവം പേ ാലെയായിപ്പോയി. എന്തു ചെയ്യാം തനതായ അനുഭവത്തി വേണ്ടി മുഷിപൻ കപ്പൽ യാത്ര ചെയ്യാനാവുമോ. അതായത് മരണത്തെപ്പറ്റി എഴുതാനായി ആരെങ്കിലും മരിക്കുമോ? ഈ കോപ്പിയടി അത്ര മോശമായ ഒരേർപ്പാടല്ല കാരണം അങ്ങനെയെ ങ്കിൽ മലയാളസിനിമയിൽ ഒരൊറ്റ നല്ല ഗാനം ഉണ്ടാകില്ലായിരുന്നു. "ചന്ദ്രലേഖ യിൽ ധൈര്യത്തോടെ മോഷ്ടിച്ചുവെ ങ്കിൽ താണ്ഡവത്തിൽ ഒരു വെല്ലുവി ളിയോടെയാണ് മോഷണം ന ടത്തിയി രിക്കുന്നത്. ഈയിലെ ഒരു പരസ്യം കണ്ടു. വേഗത്തിൽ വായിക്കാൻ പഠിപ്പി ക്കുന്ന ഒരു കോഴ്സ്. കോപ്പിയടിക്കാൻ പഠിപ്പിക്കുന്ന ഒരു കോഴ്സ് തുടങ്ങി ക്കിട്ടിയാൽ നല്ലതോതിലാ ളക്കിട്ടും. പ്രത്യേകിച്ച് വിദ്യാഭ്യാസ മേഖലയിലും സിനിമാ സീരിയൽ മേഖലയിൽ നിന്നും. സാഹിത്യമോഷണം ഇന്ന് സാർവലൗ കികവും അനുവദനീയവുമായ തു പോലെ പരീക്ഷാകോപ്പി യടികളും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. കഥക ളിൽ നായകന്റെ പേര് റോബർട്ട് എന്ന തിനു പകരം "അരവിന്ദ്" എന്നാക്കി യാൽ പകുതിപ്പണി കഴിയും. പരീക്ഷാ

കോപ്പിയടി വളരെയധികം സെശഹഹഹ ആവ ശ്യമുള്ള ഒരു പ്രക്രിയയാണ്. അദ്ധ്യാപ കരുടെ കണ്ണുവെട്ടിക്കണം. അടുത്തിരി ക്കുന്ന വ്യക്തിയുമായി വളരെ diplomatic സഹവർത്തിത്വം പുലർത്തണം. പിന്നെ നമ്പരുകളിൽ ചില്ലറ വ്യത്യാസ ങ്ങൾ വരുത്തി പരിശോധകനെ കബളി പിയ്ക്കണം. ഇന്ന് എല്ലാത്തിനും അവാർഡുകൾ ഏർപ്പെടുത്തി

യിരിക്കുക യാണല്ലോ. അതുപോലെ ഏറ്റവും നല്ല കോപ്പിയടിക്കാരന് സർവ്വകലാശാല അവാർഡ് നൽകണം. അതൊരു നഷ്ട മാകില്ല. കാരണം ഭാവിയിൽ അയാളാ യിരിക്കും ഏറ്റവും നല്ല സാഹിത്യമോഷണം കികവും അനുവദനീയവുമായ തു പോലെ പരീക്ഷാകോപ്പിയടികളും പ്രോത്സാഹി പ്പിക്കപ്പെടേണ്ടതാണ്. കഥക ളിൽ നായകന്റെ പേര് റോബർട്ട് എന്ന തിനു പകരം അരവിന്ദ് എന്നാക്കി യാൽ പകുതിപ്പണി കഴിയും. പരീക്ഷാ കോപ്പി യടിയന്മാർക്കൊരു സന്തോ ഷവാർത്ത. പല്ലിൽ ഒളിപ്പിച്ചുവയ്ക്കാ വുന്ന ചിപ്സ് കണ്ടുപിടിച്ചു പോലും. പല്ലിൽ ഒളിപ്പിച്ചു വയ്ക്കാവുന്ന ഇതി ലൂടെ തരംഗങ്ങളായെത്തുന്ന ആശയങ്ങൾ തലച്ചോറിലെത്തിക്കാം. പോരേ പൂരം..... പക്ഷെ ഒന്നുണ്ട്, ഒരേ ൃലൂലലൂൗലിര്യ യിൽ എത്തുന്ന തരംഗ ങ്ങൾ കെട്ടുപിണഞ്ഞു പോകരുതെന്നുമത്രം

ക്ലാസുകളില്ലാം guest കളാണ്. guest lectures. സകല കോളേജുകളി ലേയും സകല തരികിടകളും ഇവിടെ യെത്തുമ്പോൾ guest. ഹൊ! ഭയങ്കരം തന്നെ ഈ ഗതി. കഴിഞ്ഞ ദിവസം ആരൊക്കെയാണ് നിന്നെ പഠിപ്പിക്കുന്നതെന്ന് കേന്ദ്രത്തിന്റെ വകയൊരു ചോദ്യം. ഗസ്റ്റാ എല്ലാം ഗസ്റ്റാ എന്നു പറഞ്ഞപ്പോൾ പുള്ളിക്കാരൻ പറയുകയാ, ഇങ്ങനെ ഗസ്റ്റായി നടന്നാൽ ഈ സാറന്മാർക്ക് എവിടെടാ പഠിപ്പിക്കാൻ നേരമെന്ന്. (നമ്മളൊന്ന് ക്ലാസിൽ കയറിയിട്ട് വേണോ, അവന്മാർക്ക് പഠിപ്പി ക്കാൻ. അത് പരമാർത്ഥം)

വീണ്ടും നമ്മുക്ക് ജോലിയിലേയ്ക്ക് വരാം. സീരിയൽ കഥകൾ തന്ന നല്ലൊരു ജോലിയാണ്. എഴുതാൻ എളു പ്പം. കഥ നീട്ടിക്കൊണ്ടുപേ ാകാൻ പല ടെക്നിക്കുകൾ ഉണ്ട്. സ്വപ്നം ഒരുപാധിയായി സ്വീകരിക്കാവുന്നതാണ്. മറ്റൊന്ന് കഥാനായികയുടെ ഓർമ്മ ശക്തി നശിപ്പിക്കലാണ്. അതിന് പല പ്രയോജനങ്ങളുണ്ട് കഥ നീളും. suspence (ഇഷ്ടം പോലെ) ഭയങ്കര dramatic Irony സീരിയലുകൾ കണ്ടി ട്ടില്ലേ, പതിവായി അവയിലെ നായിക മാർക്കൊരു രോഗമുണ്ടാകും.

സാൻമേഷ്യാ രോഗം. പഴയതെല്ലാം മറ ക്കുന്ന രോഗം. മറ്റൊരു സ്ഥലത്തെ ത്തുന്ന അവൾ ആടിപ്പാടി മുക്കുവത്തി യോ, മന്നാടിയാരുടെ മകളോ ആയി നടക്കുന്നു. ഓടിപ്പോകുന്നവർക്ക് നല്ല കാലം. അവളെ കൈനീട്ടി സ്വീകരി ക്കാൻ ചില കഥാപാത്ര ങ്ങളെ കഥാ കൃത്ത് തയ്യാറാക്കി വച്ചിരിക്കുകയാണ്. (സൂര്യനെല്ലിയും പന്തളവുമല്ല സ്ഥല ങ്ങൾ) അങ്ങനെ കഥാനായിക സുര ക്ഷിതയായി കഴിയുന്നു. അവിടെ ഒളി വിൽ കഴിയുമ്പോൾ കഥാനായിക പ്രസ വിക്കുന്നു. കുട്ടിയെ വളർത്തി സുഖ മായി വളർത്തച്ഛന്റെയും അമ്മൂമ്മയു ടെയും കൂടെ താമസിക്കുമ്പോൾ ഭർത്താവ്/ കഥാനായകൻ പ്രത്യക്ഷപ്പെ ടുന്നു. ""അല്ല ഇതു രാമായണം കഥ യല്ലേ?"" അല്ലെങ്കിൽ അതുവേണ്ട കുട്ടി യുടെ ""രക്ഷ" യിലൂടെ ഭർത്താവിന്റെ പ്രത്യാഗമനം നടത്തിയാലോ? ""അതല്ലേ അഭിജ്ഞാന ശാകുന്തളം ശരി യാകാം വാല്മീകിയും കാളിദാസനും ബി.സി.യിലല്ലേ എഴുതിയത്. ഇന്ന് 21 -ാം നൂറ്റാണ്ടിലെന്തെല്ലാം മാറ്റങ്ങളുണ്ട്. സാൻമേഷ്യാരോഗം..... അത് വാല്മീ കിക്കോ കാളിദാസനോ അറിയാമായി രുന്നോ! ഇല്ല സീതയ്ക്കും ശകുന്തളയ്ക്കുമൊന്നും ആ രോഗമില്ലാ പക്ഷേ ദുഷ്യന്തന് ആ രോഗമായി രുന്നോ ആവോ? അല്ലെങ്കിൽ വിശാ ലാക്ഷീ അയാൾ നീട്ടിവിളിച്ചു. മൂന്നും കൂട്ടി മുറുക്കി നീട്ടിത്തുപ്പി ആ തുപ്പൽ തളിരുകളായി, ഇതളുകളായി, തുള്ളിക ളായി റോസാപ്പൂവിന്റെ ചെന്തളിരുക ളിൽ അള്ളിപ്പിടിച്ചു കിടന്നു. എന്നി ങ്ങനെ ചെറുകഥകൾ തെരഞ്ഞെടു ക്കാം. അഥവാ സൂര്യൻ വെളിച്ചം തേടുന്നു ചന്ദ്രൻ ഇരുൾ തേടുന്നു സൂര്യ നെവിടേ? ഈ പകലിൻ വെളിച്ചമെവിടേ ചന്ദ്രനെവിടേ? ഈ രജനിയിൽ ഇരുട്ടെ വിടെ?"" എന്നിങ്ങനെ അത്യാധുനിക ചേട്ടാ അനിയാ യിൽ ദിഗന്തം പിളരുന്നതായി തോന്ന മകാ ചക്രവാളത്തിന്റെ അങ്ങേചരിവിലാവി പകമ്പനം കൊണ്ടു. എന്നിങ്ങനെ കമെഴുതാം. അഥവാ

ഒന്നേ ഒന്നേ പോയി......
രണ്ടേ രണ്ടേ പോയി......
മൂന്നോ മുന്നേ പോയി.....

എന്നിങ്ങനെ കാവാലം സ്റ്റൈലിന് നാടകമെഴുതി അവാർഡുകൾ വാങ്ങ അഥവാ ഒരമ്മ തന്റെ മൂന്ന് കുട്ടികള മായി ട്രെയിനിൽ യാത്ര ചെയ്യുന്നു. ട്രെയിനപകടം മക്കൾ മൂന്നുപേരും മൂന്നുസ്ഥലത്ത്. പിന്നീട് ഒരാൾ രാഷ്ട്രീ യക്കാരൻ, ഒരാൾ കള്ളക്കടത്തുകാരൻ നും മറ്റവൻ പോലീസ് ഓഫീസർ. ഓ ൽ ഇതല്ലേ ""ജോൺ, ജാഫർ, ജനാർദ്ദ ളിക നൻ" എന്ന സിനിമാക്കഥ. എന്നാലതു ക വേണ്ട നമ്മുടെ കഥാനായിക ഒരു ദ്വീപി ലെത്തി പ്പെടുന്നു. അവ ള വിടെ ആൺവേഷം കെട്ടിയലയുന്നു. ഓ! ഭയങ്കര dramatic Irony ആഹാ ഇതല്ലേ Shakespare os "Twelth Night" vool അപ്പോൾ നിങ്ങൾക്കെല്ലാം അറിയാ മല്ലേ! എങ്കിൽ ജോലിക്കാര്യം നിസ്സാര മായി പരിഹരിക്കപ്പെടും.

# ഇനി ജയിക്കാനായി ജനിച്ചവർക്ക് മാത്രം

രതീഷ്. ജി
ഒന്നാം വർഷ ഗണിതശാസ്ത്ര ബിരുദാനന്തര ബിരുദം

വാക്കുളുടെ സ്വപ്നഭൂമിയും, ആയിരങ്ങളുടെ വാഗ്ദത്ത സ്വർഗ്ഗവും ആയിമാറിയ ഐ.ടിയുടെ തൊഴിൽ സാമ്രാജ്യം ഇനി മികവിൽ തികവുറ്റ വർക്കുമാത്രമായി ശോഷിക്കും. ഏറെ ചെലവുണ്ടെങ്കിലും വിവരസാങ്കേതിക വിദ്യാഭ്യാസം നേടിക്കഴിഞ്ഞാലുള്ള സ്വപ്നതുല്യമായ വരുമാനവും തൊഴി ലുമാണ് ഈ മേഖലയെ ആയിരങ്ങളുടെ സ്വർഗ്ഗമാക്കി മാറ്റുന്നത്.

അമേരിക്കയിലെ സിലിക്കൺ വാല യിൽ നിന്ന് പണം കൊയ്യാം എന്ന മണിക്ക ധാരണ ഇനിവേണ്ട, മികവ് തെളിയിക്കു ന്നവർക്ക് മാത്രമാണ് ഐ.ടി. മേഖല ിട്ടുണ്ട്. യിൽ ഇനി സാധ്യത. വേണ്ടത്ര പരിശ ടേയും ലനമില്ലാത്തവരും കഴിവ് കുറഞ്ഞവരു കാര്യ മായ ഐ.ടി. പ്രവർത്തകരുടെ ഭാവി ഒരു ശക്തമായ ചോദ്യം പോലുമില്ലാ തായിമാറാനാണിട. അതായത്, ജയി മഷൻ ക്കാനായ് ജനിച്ചവർക്ക് മാത്രമാണ് ഐ.ടി. മേഖല.

അമേരിക്കൻ സമ്പദ്മേഖലയിലെ മാന്ദ്യവും “ഡോട്ട് കോ“മുകളുടെ അകാ ലചരമവും അടക്കം ക്കം പ ലഘടങ്ങളും ഐ.ടി. മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് ഏകദേശം ഇരുപതിനായിരത്തോളം ഇന്ത്യക്കാരായ പ്രോഗ്രാ മർമാർ അമേരിക്കയിൽ നിന്ന് തിരിച്ചു പോരേണ്ടി വരുമത്രെ. അതായത് വെബ് ഡിസൈനർമാരും കണ്ടന്റ് എഡിറ്റർമാരും ഇനി തൊഴിലന്വേഷണ പടി യിൽ അംഗങ്ങളാവുകയായി. ഐ.ടി.വി ദ്യാഭ്യാസം നേടുന്നവരുടെ എണ്ണം ഏഷ്യയിൽ വർഷം തോറും 30 ശതമാ നവും ഇന്ത്യയിൽ 52 ശതമാനവും വർധി ക്കുകയാണെന്നതുകൂടി ഓർത്താലേ ഭീകരത ബോധ്യമാവൂ. ഇന്ത്യൻ സോഫ്റ്റ്വേർ ട്രേഡ് അസോസിയേ ഷൻ-നാസ്സ്-കോം, ഐ.ടി. ബിരുദധാ രികളുടെ വർദ്ധന 45 ശതമാനത്തിലേക്ക് കുറയ്ക്കുവാനുള്ള ശ്രമത്തിലാ മായി ണ്.



വിവര സാങ്കേതിക മന്ത്രാലയമാകട്ടെ ഇത് 30 ശതമാനത്തിലേക്ക് കുറ യ്ക്കുവാൻ ആഗ്രഹിക്കുന്നു.

അതേസമയം ഒട്ടേറെ രാജ്യങ്ങളിൽ ഇന്നും സാങ്കേതിക പരിജ്ഞാനവും മികച്ച പരിശീലനവും നേടിയ അഡ്മിനിസ്ട്രേറ്റർ, പ്രോജക്ട് മാനേജർ എന്നി വർക്ക് സാധ്യതകളുണ്ട്. നൽകപ്പെടുന്ന വേത നത്തിൽ കുറവുണ്ടാവുമെന്ന് മാത്രം. അറിവിലും കഴിവിലും മികവ് പുലർത്തുന്ന ഐ.ടി. വിദഗ്ധരെ വല " വീശിപിടിക്കാനുള്ള മത്സരം ശക്തിപ്രാ പിച്ചിരിക്കുകയാണ്. ജപ്പാനും മറ്റു സമ്പ രാഷ്ട്രങ്ങലും ഈ ശ്രമത്തിലാണ്. ഇതിൽ നഷ്ടം വരുന്നത് ഇന്ത്യയെ പ്പോലുള്ള വികസ്വരരാഷ്ട്രങ്ങൾക്കായി രിക്കും. അമേരിക്ക സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് കരകയറുന്നതോടെ "ബുദ്ധിയും മേധയുമാകുന്ന മൂലധനം" വികസ്വരരാഷ്ട്രങ്ങളിൽ നിന്ന് ചോർത്തി യെടുക്കുവാനുള്ള മത്സരം മുറുകുകയും ചെയ്യും. സിംഗപ്പൂർ, ദക്ഷിണ കൊറിയ, ജപ്പാൻ, ചൈന എന്നിവിടങ്ങ ളിൽ ഐ.ടി. ബിരുദധാരികൾക്ക് ധാരാലം ഒഴിവുകളുണ്ട്. പ്രോഗ്രാമി ങ്ങിലും സാങ്കേതികസഹായം ലഭ്യമാ കുന്നതിലും മികച്ച വൈദഗ്ധ്യം നേടി യവരെയാണ് ആവശ്യം. എന്നാൽ സുലഭമായതാവട്ടെ വെബ്ഡിസൈനർ മാർക്കും, എഡിറ്റർമാരും, കണ്ടന്റ് മാനേ ജർമാരും.

ഐ.ടി. വിദഗ്ധരുടെ അതീന്ദ്രിയ ശേഷിയാണ് ഐ.ടി. വിപ്ലവത്തിന് പുത്തൻവിതാനങ്ങളിലേയ് ക്ക് സാധ്യത യൊരുക്കുക. അത് അരച്ചാൺ വയ റിന്റെ പ്രശ്നവും സുഖലോലുപത്വമോ ഹവുമായി ഐടി വിദ്യാഭ്യാസം നേടിയെത്തുന്നവർക്ക് നേ ടാനാവുമോ എന്ന താണ് പ്രശ്നം. ഇല്ലെങ്കിൽ ഐ.ടി. ബിരുദധാരികൾ ഇന്നു ലഭ്യമാവുന്നതിലും കുറഞ്ഞ വേതനം പറ്റുന്നകരാർ തൊഴിലാളികളായി മാത്രം മാറിയേ ക്കാം.

വിവര സാങ്കേതിക നൈപുണ്യ ത്തിന്റെ മികച്ച ഖനിയായി പരിഗണിക്ക പ്പെടുന്ന ഇന്ത്യ, കോഡിങ് തലത്തിൽ പരക്കെ അംഗീകാരം നേടിയിട്ടുണ്ട്. പക്ഷെ സിസ്റ്റം ഡൈസനർമാരുടേയും പ്രോജക്ട് മാനേജർമാരുടേയും കാര്യ ത്തിൽ തികവ് പോരാ, പ്രോജക്ട് മാനേ ജർമാരുടെ കാര്യത്തിൽ സിംഗപ്പൂരും കമ്പ്യൂട്ടർ ഗ്രാഫിക്സ് എനിമേഷൻ മേഖലയിൽ ഫിലിപ്പൈൻസും മുന്നിട്ടു നിൽക്കുന്നു. മസ്തിഷ്ക ചോർച്ച (ആൃശമി റ്യൂമശി) യാണ് ഇന്ത്യയടക്കം പ ലവികസ്വരരാഷ്ട്രങ്ങളേയും അല മുഖ്യപ്രശ്നം. യുവത്വത്തിന് ലനം നൽകാൻ ഉപയോഗപ്പെടുത്തിയ



സമയവും ക്രമവും സമ്പത്തും ഇതു പാഴാവുന്നു. ഇന്ത്യയുടെ മികച്ച ആ സാങ്കേതിക സ്ഥാപനങ്ങളിൽ നിന്ന വർഷംതോറും 3500 പേരാണ് ഐ.ടി. പ രിജ്ഞാനം നേടി പുറത്തുവ രുന്നത് അതിൽ വെറും 25% പേർ മാത്ര മാറിയേ മാണ് ഇന്ത്യയിൽ തുടരുന്നത്.

അമേരിക്കയിലെ സിലിക്കൺ വാല യിൽ നിന്ന് പ ണം കൊയ്യാം എന്ന മണിക്ക ധാരണ ഇനിവേണ്ട, മികവ് തെളിയിക്കു ന്നവർക്ക് മാത്രമാണ് ഐ.ടി. മേഖല ിട്ടുണ്ട്. യിൽ ഇനി സാധ്യത. വേണ്ടത്ര പരിശ ടേയും ലനമില്ലാത്തവരും കഴിവ് കുറഞ്ഞവരു കാര്യ മായ ഐ.ടി. പ്രവർത്തകരുടെ ഭാവി ഒരു ശക്തമായ ചോദ്യം പോലുമില്ലാ തായിമാറാനാണിട. അതായത്, ജയി മഷൻ ക്കാനായ് ജനിച്ചവർക്ക് മാത്രമാണ് ഐ. ടി. മേഖല.

# സ്നേഹസ്പന്ദനം

**ശ്രീജമോൾ. എസ്.**
മൂന്നാം വർഷ ആംഗലേയ സാഹിത്യം

ഓർമ്മകൾ വിളയുമീ വേളയിൽ തെളിയുന്ന
വാർമഴവില്ലിനുമെത്രയോ ചാരുത
നിലാവിൻ വിളികേട്ടറിയാതെയുണരുന്ന
കുങ്കുമസന്ധ്യയ്ക്കുമെത്രയോ സ്നിഗ്ധത
താരകൾ തിങ്ങുമീ നിലാവാനിലെ
താമരയായ് മനമിളകവേ
മറനീക്കിയുണർത്താമെന്നകതാരി
ലുറയുന്ന പ്രിയരാഗവർണ്ണങ്ങൾ,
പറയാത്ത വാക്കിലും എഴുതാത്ത വരിയിലും മ ാമറല മ
നിറഞ്ഞൊരെൻ മാനസം
നിന്റേതു തന്നെയെന്നറിയവേപ്പ്
ആയിരം സ്വരരാഗസുധപോലൊ
രാറാട്ടുമേളം മനസ്സിൽ മുഴങ്ങി
ഏകമാം മനസ്സിന്റെ രാഗമായി
എൻ നിലാസ്വപ്നത്തിൽ നീയലിഞ്ഞു
ഏതു പുണ്യത്തിൽ പകരമായി
എൻഹൃദയതാളമായതു നീ? ഏതു ജന്മത്തിൽ സുകൃതമായി ന
എന്നാരമഭാവമായതു നീ?ശീ ഇന്നു നീയെൻ നെറുകയിൽ തിലകമായി
നിറയവേയറിയുന്നു ഞാനെൻ
ജന്മത്തിൽ സഫലത
നീയണിയിച്ചൊരാതാലിയെൻ മാറി
ലിളകവേയറിയുന്നു ഞാനി സ്നേഹത്തിൻ ധന്യത!



# I PROMISE

Cheriyan Cheriyan II MSc Mathematics

Dedicated to all the beautiful couples
and to those who are, but are lost for words,
in the silence of that wonderful feeling we all call - love
You've heard this a thousand times before,
There's no friend like you,
And you'll hear it a million times more,
Because thats so true
The way you look at each new day,
The things you do and words you say,
The way you show the strength in me you're
me best a friend could ever be
When life becomes dark and hopes out of sight
I'll wish for the stars, to be your light, s
If ever you're down, or feel far apart,
I'll always be the strength and love, deep in your heart
No matter if you're down, or feel alone
you'll never be without a friend to call your own,
In every word I say and things I do,
I will love you from my heart, I promise you





# ഒരു വിപ്ലവകാരിയുടെ കഥ


എബി ജെയിംസ്

ഒന്നാം വർഷ ഗണിതശാത്രം


പുറത്ത് ആരുടേയോ കാൽപ്പെരുമാറ്റം കേട്ടപ്പോൾ ഉണ്ണിമെല്ലെ തലയുയർത്തി നോക്കി. ഇരുമ്പഴികൾക്കപ്പുറത്ത് ജയിൽ സൂപ്രണ്ടിന്റെ കൂടെ നിൽക്കുന്ന ചെറുപ്പക്കാരൻ ഉണ്ണിക്ക് തികച്ചും അപരിചിതനായിരുന്നു. മെല്ലെ എഴുന്നേറ്റ് ഇരുമ്പഴികളിൽ പിടിച്ചുകൊണ്ട് അയാൾ ആ ചെറുപ്പക്കാര നതന്നെ നോക്കി നിന്നു.

““ഇദ്ദേഹം തന്നെക്കാണുവാനായി വന്നതാണ്. നടന്തോ സംസാരിക്കാനുണ്ടെന്ന് തന്റെ പരുക്കൻഗത്തിൽ സൂപ്രണ്ട് ഉണ്ണിയോടു പറഞ്ഞു. ആമുഖമൊന്നും കൂടാതെ തന്നെ ചെറുപ്പക്കാരൻ പറഞ്ഞു ““ഞാൻ ഒരു പ്രത പവർത്തകനാണ്. മിസ്റ്റർ ഉണ്ണിയോട് ചിലകാര്യങ്ങൾ നേരിട്ട് ചോദിച്ചറിയുവാൻ വന്നതാണ്. വിരോധമില്ലെങ്കിൽ... ചെറുപ്പക്കാരന്റെ വാക്കുകളെ വിലക്കിക്കൊണ്ട് ഉണ്ണി ചോദിച്ചു.

““എല്ലാവരാലും വെറുക്കപ്പെട്ട, കൊലക്കയറും കാത്തുകിടക്കുന്ന ഈ എന്നെക്കുറിച്ച് നിങ്ങൾക്കെന്താണറിയേണ്ടത്? താനാരായിരുന്നെന്നോ? അതോ

എല്ലാവരാലും
വെറുക്കപ്പെട്ട,
കൊലക്കയറും
കാത്തുകിടക്കുന്ന
ഈ
എന്നെക്കുറിച്ച്
നിങ്ങൾക്കെന്താണ്
അറിയേണ്ടത്?



എന്റെ ജീവിതചരി തമോ....? വയ്യ... മറക്കുവാൻ ശ്രമിക്കുന്ന ആകാര്യങ്ങളൊന്നും ചാദിച്ച് എന്നെ ഉപദ്രവിക്കരുതേ...““ തൊഴുകൈകളോടെ ഉണ്ണി പറഞ്ഞു നിർത്തി.

““ഉണ്ണീ ഞാൻ താങ്കളെ ഒരുവിധത്തിലുമുപദ്രവിക്കുവാൻ ന്നതല്ല. മറിച്ച് എനിക്കറിയേണ്ടത് താങ്കളെങ്ങിനെ ഒരു വികാരിയായിത്തീർന്നു എന്നാണ് ലോകം കുറ്റവാളിയെന ദ്രകുത്തിയ താങ്കൾക്ക് ഞാൻ സത്യമായിരുന്നു എന ലാകത്തോട് വിളിച്ചുപറയുവാൻ സാധിക്കുമെങ്കിൽ മാത്രമ-ഗണിതശാത്രം

നിങ്ങൾ വിശ്വസിച്ച ആദർശങ്ങളോടും തത്വശാസ്ത്രങ്ങ ളോടും നിങ്ങൾക്ക് നീതിപുലർത്തുവാൻ സാധിക്കൂ.. അല്ലെ ങ്കിൽ സമൂഹത്തിന് മുൻപിൽ എന്നും നിങ്ങൾ കുറ്റവാളി യായിത്തന്നെയായിരിക്കും. ചെറുപ്പക്കാരന്റെ ശാന്തമായ വാക്കുകൾകേട്ട് ഉണ്ണി ഒരു നിമിഷം വിദൂരതയിലേക്ക് നോക്കി നിന്നു. ഒരുമാത്ര എന്തോ ആലോചിച്ച ശേഷം ഉണ്ണി പറഞ്ഞു തുടങ്ങി തന്റെ ഭൂതകാല ജീവിതകഥ

““ഞാൻ ഉണ്ണി.... ജനനം മുതൽ അപശകുനമായിത്തീർന്ന വൻ, എന്റെ ജനനം മൂലം നഷ്ടമായത് എന്റെ മാതാവിന്റെ ജീവനായിരുന്നു. അതോടെ എന്റെ പേര് ““അമ്മയെക്കൊല്ലി എന്നായി. അച്ഛന് ഞാനെന്നും വെറുക്കപ്പെട്ട സന്താനമായി രുന്നു... താരാട്ടു പാടാനോ മുലയൂട്ടാനോ എനിക്കാരുമില്ലാ യിരുന്നു... അങ്ങിനെ കാലത്തിന്റെ

കൈകളിൽക്കിടന്നു വളർന്നു. അച്ഛന്റെ പുനർവിവാഹത്തോടു കൂടി ഞാൻ തികച്ചും അനാഥനായി

""ഒരുപക്ഷേ.... എല്ലാവരേയും പോലെ ഒരുദിവസം ഞാനും വിദ്യാലയത്തിന്റെ പടികൾ ചവുട്ടി. പക്ഷേ, അവിടെയുമെ നിക്ക് ഒറ്റപ്പെടുത്തലും പരിഹാസങ്ങളും മാത്രമായിരുന്നു കളി ക്കൂട്ടുകാർ. പലപ്പോഴും നിരപരാധിയായിരുന്ന എന്നിൽ കുറ്റം പറയുവാൻ സഹപാഠികളും ഗുരുക്കന്മാരും മത്സരിച്ചിരുന്നു. ഒറ്റപ്പെടുത്തലുകളും പരിഹാസങ്ങളും നിറഞ്ഞ ആ ജീവിത ഘട്ടം എന്നിൽ കറുത്തദിനങ്ങളായി അവശേഷിച്ചു.

""കാലത്തിന്റെ സഹായാത്രികനായിരുന്ന ഞാൻ ഒടുവിൽ കോളേജിന്റെ പടിവാതില്ക്കലുമെത്തി. ഇവിടെ ഞാനൊരുപുതിയ മനുഷ്യ ന്നു. കലാലയത്തിന്റെ തുടിപ്പുകളിൽ നിന്ന് വേറിട്ട് ഞാനെ ന്റേതായ സാമാ ജ്യത്തിലൊതുങ്ങിക്കൂടി. ഇവിടെ ഏകാ ന്തതയെ ഞാൻ സ്നേഹിച്ചു. ഏകാന്തതകളിൽ പുസ്തകങ്ങളെനിക്ക് കൂട്ടുകാ രായെത്തി. പുസ്തകത്താളുകളിൽ മറ്റാരും കാണാത്തവയോടു ഞാൻ സംസാരിച്ചു. അവരെന്നെ കമ്മ്യൂ ണിസം പഠിപ്പിച്ചു. അതുവഴി വിപ്ലവം ഞാൻ കൈമുതലാക്കി... പിന്നീട് പോരാട്ടങ്ങളായിരുന്നു. അധികാര ദുർവിനയോഗം ചെയ്യുന്ന അരാഷ്ട്രീയ ബുദ്ധി ജീവികൾ, സ്ത്രീലമ്പടന്മാർ, എനിക്കുനേരെ നിറയൊഴിച്ചെന്റെ ആശ യസാമ്രാജ്യം തകർക്കുവാൻ ശ്രമിച്ച പോലീസുകാർ ഇവരുടെയെല്ലാം തല കൾ വെട്ടിയെടുത്ത് തെരുവിൽ പ്രദർശി പ്പിച്ചു. അങ്ങനെ അക്രമങ്ങളും അനീ തികളും എന്നിലെ വിപ്ലവാഗ്നിയെ ആളി പടർത്തി.

പിന്നെ യാത്രകളായിരുന്നു. കാടിന്റെ നിഗൂഢതയുള്ള ഗ്രാമങ്ങളിൽ അന്തിവെട്ടം കത്തിച്ച് ചെറുപ്പക്കാരെ വിപ്ലവാവേശമുള്ളവരാക്കി. അങ്ങനെ അധികാരവർഗ്ഗത്തിന്റെ നോട്ടപ്പുള്ളി യായി ഞാൻ തീർന്നു. അങ്ങനെ ഒരു നാൾ ഞാൻ നിയമത്തിന്റെ കൈകളി ലകപ്പെട്ടു. പിന്നിലണിനിരന്നവർ ചിത റിയോടുമ്പോഴും ഞാൻ പതറിയില്ല.... കാരണം എനിക്ക് കുറ്റബോധമില്ലായി രുന്നു, ഒടുവിൽ നിയമ പുസ്തകം എനിക്ക് ശിക്ഷ വിധിച്ചു. മരണം മാടി വിളിക്കുന്നതു തൂക്കുമരം, ഉണ്ണി പറഞ്ഞു നിർത്തുമ്പോൾഅയാളുടെ മുഖം, മരണത്തെ ിച്ച് മുന്നിൽ കാണുന്ന ഒരുവന്റേതു പോലെ വികാരഭരിതമായിരുന്നു. എങ്കിലും ശി അയാളുടെ കണ്ണുകളിൽ ശാന്തത തളം കെട്ടിയിരുന്നു.

ലേഖകൻ മെല്ലെ ഉണ്ണിയോടു പറ ഞ്ഞു.

""ഉണ്ണീ.... നാളെയീലോകം നിങ്ങ ളുടെ കഥയറിയുമ്പോൾ ഒരുപക്ഷേ സഹതപിച്ചിരിക്കാം. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചിരിക്കാം. എഹ്കിലും തൂക്കു മരം.... അതൊരിക്കലുമൊരു സന്തോഷ ത്തിന്റെ ഭാഷയല്ല. അവസാനമായി ഒരു ചോദ്യം കൂടി.

""ഒരിക്കലുമില്ല"" ഉണ്ണി പറഞ്ഞു ""കാരണം നിരപരാധിയായിരുന്ന എന്നിൽ കുറ്റം മെനഞ്ഞ് ഒറ്റപ്പെടുത്തു മ്പോഴും ഞാൻ കരഞ്ഞില്ല. എനിക്ക് കുറ്റബോധമില്ലായിരുന്നു. ഈ പറഞ്ഞ

എല്ലാ കുറ്റകൃത്യങ്ങളും ഞാൻ ത ച്ചാണ് ചെയ്തത്. അവസാനം,,,,,,, കണ്ടില്ലേ തൂക്കുമരവും എന്റെ സഹ രിയായി. ദിവസങ്ങളായി ഞാനിതി സംസാരിക്കുന്നു. ഒരു നിമിഷം മൗന ത്തിന് ശേഷം മെല്ലെ തലയുയർത്ത നോക്കിക്കൊണ്ടു പറയുവാനുള്ള പ്പെടൽ ഭീകരമായ ഒരു ദുരന്തമാണ് സഹപാഠികളും സുഹൃത്തുക്കളും നിങ്ങളുടെ നിഴലുകളാണ്... അവയിൽ വേർതിരിവ് പകരരുത്... ഇത് എന്റെ ജീവിതത്തിലെ അവസാന പാഠമാണ്. വീണ്ടുമൊരു ഉണ്ണിക്കുട്ടി പിറക്കാതിര

നിറമിഴികളോടെ ഉണ്ണി മെല്ലെ പിൻതിരിഞ്ഞ് ജയിലറയുടെ ഒരു കോണൽ കാൽമുട്ടുകളിൽ തലയും 5 തളം വച്ച് മൂകമായിരുന്നു.

ചെറുപ്പക്കാരൻ പിൻതിരിഞ്ഞ് നട ക്കുമ്പോൾ അയാളുടെ മനസ്സ് ആകെ അസ്വസ്ഥമായിരുന്നു. യഥാർത്ഥത്തിൽ ഉണ്ണിയെ മരണത്തിലേക്ക് തള്ളിവിട്ടതാ രാണ്? നമ്മളോരോരുത്തരുമടങ്ങുന്ന ഈ സമൂഹം തന്നെയല്ലേ? നമ്മൾ തന്നെയല്ലേ അവനെ ഒറ്റപ്പെടുത്തിയതും ഇങ്ങനെ ഉത്തരമില്ലാത്ത ഒരു പാട് ചോദ്യങ്ങൾ അയാളുടെ മനസ്സിനെ മദി ച്ചുകൊണ്ടിരുന്നു. പിന്നെ, അശരീരി കണക്കെ ആ വാക്കുകളും ""ഒറ്റപ്പെട ഭീകരമായ ഒരു ദുരന്തമാണ്. സ പാഠികളും സുഹൃത്തുക്കളും നി രുന്ന ളുടെ നിഴലുകളാണ് അവയിൽ വേർതിടുത്തു രിവ് പകരരുത് ചെറുപ്പക്കാരൻ നടി നിക്ക് കൊണ്ടേയിരുന്നു...

UNLOCK

CMS COLLEGE KOTTAYAM (AUTONOMOUS)
(Affiliated to Mahatma Gandhi University, Kottayam)
Kottayam , Kerala -686001
Contact : +91 94463 91943
Website: www.cmscollege.ac.in